# അറിയാനുള്ള അവകാശ നിയമം, 2005

പൊതു അധികാരികളുടെ (Public Authorities) അധീനതയിലുള്ള വിവരങ്ങൾ പൗരന്മാർക്ക് നിർബാധം ലഭ്യമാക്കുന്നതിനും സർക്കാരുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര ഇൻഫോർമേഷൻ കമ്മീഷൻ, സംസ്ഥാന ഇൻഫോർമേഷൻ കമ്മീഷൻ എന്നിവയുടെ രൂപവത്ക്കരണത്തിനും അത് സംബന്ധിച്ച് യാദൃ ശ്ചികമായി ഉണ്ടാകാവുന്ന മറ്റു കാര്യങ്ങൾക്കും വേണ്ടി അറിയാനുള്ള അവകാശത്തിന്റെ ക്രീയാത്മകമായ ഭരണവ്യവസ്ഥ ക്രമപ്പെടുത്തുന്നതിനുള്ള നിയമം.

ഭാരതഭരണഘടന സംസ്ഥാപനം ചെയ്യുന്നത് ജനാധിപത്യ റിപ്പബ്ലിക്കായിരിക്കെ, സർക്കാരി നേയും അതിന്റെ ഘടകങ്ങളയും ഭരിക്കപ്പെടുന്നവരോടുള്ള ഉത്തരവാദിത്വത്തിൽ നിലനിറുത്തു ന്നതിനും അഴിമതി നിയന്ത്രിക്കുന്നതിനുമായി ഉദ്ബോധിപ്പിക്കപ്പെട്ട ഒരു പൗരാവലിയും വിജ്ഞാനസുതാര്യതയും ജനാധിപത്യത്തിൽ, അതിന്റെ പ്രവർത്തനക്ഷമതയ്ക്ക് മർമ്മപ്രധാനമാ കുന്നതിനാൽ ആവശ്യമാണ്. പ്രാവർത്തിക തലങ്ങളിലുള്ള വിവരങ്ങളുടെ വെളിപ്പെടുത്തൽ സർക്കാരുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ, ലഭ്യമായ സാമ്പത്തിക ഉറവിടങ്ങളുടെ പര മാവധി ഉപയോഗം, ക്ഷോഭജനകമായ വിവരങ്ങളുടെ രഹസ്യാത്മകത കാത്തു സൂക്ഷിപ്പ് മുത ലായവ ഉൾക്കൊള്ളുന്ന പൊതു താല്പര്യവുമായി ഒരു അഭിപ്രായവ്യത്യാസങ്ങൾക്ക് സാധ്യത യുണ്ട്.

ജനാധിപത്യ ആദർശങ്ങളുടെ പ്രാധാന്യം പരിപാലിച്ചുകൊണ്ട് തന്നെ ഈ ഭിന്നാഭിപ്രായങ്ങളിൽ ഒരു സമന്വയം അത്യാവശ്യമാണ്.

അതിനാൽ ഇപ്പോൾ പൗരന്മാർക്ക് അവരാഗ്രഹിക്കുന്ന ഏതാനും വിവരങ്ങൾ നൽകുന്നത് സന്ദർഭോചിതമാണ്.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയാറാം വർഷത്തിൽ പാർലമെന്റ് താഴെ വിവരിക്കും പ്രകാരം നിയമമാക്കിയിരിക്കുന്നു.

## അദ്ധ്യായം 1
## പ്രാരംഭം

1. **<u>ചുരുക്കപ്പേരും ബാധകമാകുന്ന പ്രദേശങ്ങളും ഉത്ഭവവും : –</u>**

(1) ഈ നിയമം അറിയാനുള്ള അവകാശനിയമം 2005 എന്നറിയപ്പെടും.
(2) ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഇന്ത്യ മുഴുവനും ഇത് ബാധകമായിരിക്കും.
(3) 4-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പും, 5-ാം വകുപ്പിന്റെ 1 ഉം 2 ഉം ഉപവകുപ്പുകളും 12,13,15,16,24,27,28 എന്നീ വകുപ്പുകളും ഉടൻ പ്രാബല്യത്തിൽ വരുന്നതായിരിക്കും. നിയ മത്തിലെ അവശേഷിക്കുന്ന വകുപ്പുകൾ നിയമനിർമ്മാണത്തിന്റെയന്ന് തുടങ്ങി നൂറ്റിയി രുപതാം ദിവസത്തിൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

2. നിർവ്വചനങ്ങൾ
ഈ നിയമത്തിൽ മറ്റൊരു ആശയം സന്ദർഭവശാൽ വ്യക്തമാക്കാത്തപക്ഷം താഴെ വിവരിക്കുന്ന നിർവ്വചനപ്രകാരം പദപ്രയോഗങ്ങൾ മനസ്സിലാക്കേണ്ടതാണ്.

(a) ബന്ധപ്പെട്ട സർക്കാർ എന്നാൽ

(i) കേന്ദ്ര സർക്കാരിനാലോ, കേന്ദ്ര ഭരണത്താൽ സ്ഥാപിതമായതോ, നിലവിൽകൊണ്ടുവ ന്നതോ, ഉടമസ്ഥതയിലുള്ളതോ, നിയന്ത്രണത്തിലുള്ളതോ, പ്രത്യക്ഷമായോ, പരോക്ഷമായോ ടി സർക്കാരിന്റെ ഫണ്ട് മുതൽമുടക്കിയുള്ള പൊതു അധികാരികളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരും

(ii) സംസ്ഥാന സർക്കാർ സ്ഥാപിച്ചതോ നിലവിൽകൊണ്ടുവന്നതോ ഉടമസ്ഥതയിലുള്ളതോ, ഫണ്ട് മുതൽ മുടക്കി നടത്തുന്നതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ പൊതു അധികാരികളുമായി ബന്ധപ്പെട്ട് അതാത് സംസ്ഥാനസർക്കാരുകളും ആകുന്നു.

(b) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ എന്നാൽ

12-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ

(c) കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ഓഫീസർ എന്നാൽ

5-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പു പ്രകാരം നിയോഗിക്കപ്പെട്ട കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ഓഫീസറും 2-ാം ഉപവകുപ്പുപ്രകാരം നിയോഗിക്കപ്പെട്ട കേന്ദ്ര അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറും ഉൾപ്പെടുന്നു

(d) "ചീഫ് ഇൻഫർമേഷൻ കമ്മീഷണർ", "ഇൻഫർമേഷൻ കമ്മീഷണർ" എന്നാൽ

12-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പുപ്രകരാം നിയമിക്കപ്പെട്ടിട്ടുള്ള ചീഫ് ഇൻഫർമേഷൻ കമ്മീഷണറും ഇൻഫർമേഷൻ കമ്മീഷണറുമാണ്

(e) "യുക്താധികാരി" എന്നാൽ -

(i) ലോകസഭയിലും നിയമസഭയിലും സഭകൾ നിലവിലുള്ള കേന്ദ്രീകൃത ഭരണപ്രദേശത്ത് സ്പീക്കറും, രാജ്യസഭയിലും സംസ്ഥാന അധോമണ്ഡലങ്ങളിൽ ചെയർമാനുമാണ്.

(ii) സുപ്രീംകോടതിയുടെ കാര്യത്തിൽ സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസും

(iii) ഹൈകോടതികളുടെ കാര്യത്തിൽ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസും

(iv) ഭരണഘടനയിലോ അതിനു കീഴിലോ സ്ഥാപിതമായ മറ്റ് അധികാരികളെ സംബന്ധിച്ച് പ്രസിഡണ്ടോ ഗവർണ്ണറോ ആകുന്നു

(v) ഭരണഘടനയുടെ 239-ാം അനുഛേദപ്രകാരം നിയമിക്കപ്പെട്ട ഭരണാധികാരി

(f) "വിവരം" എന്നാൽ -

നിലവിൽ പ്രാബല്യത്തിലുള്ള ഏത് നിയമം മുഖേനയും ഒരു പൊതു അധികാരിക്ക് ഏതു രൂപത്തിലും ലഭ്യമാക്കാവുന്ന, രേഖകൾ, പ്രമാണങ്ങൾ, കുറിപ്പുകൾ, സർക്കുലറുകൾ, ഉത്തരവുകൾ ലോഗ് ബുക്കിസ് കരാറുകൾ, റിപ്പോർട്ടുകൾ, പേപ്പറുകൾ, ഇ-മെയിലുകൾ,അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, പത്രക്കുറിപ്പുകൾ, പേപ്പറുകൾ, സാമ്പിളുകൾ, മാതൃകകൾ തുടങ്ങിയ ഏതു വസ്തുക്കളും ഏതെങ്കിലും സ്വകാര്യസ്ഥാപനത്തെ സംബന്ധിച്ച ഏതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ ശേഖരിച്ചിട്ടുള്ള വസ്തുക്കളും ഉൾപ്പെടുന്നു.

(g) അനുശാസിച്ചിരിക്കുന്നു എന്നാൽ

ബന്ധപ്പെട്ട സർക്കാരോ യുക്താധികാരികളോ ഈ നിയമംവഴി നടത്തുന്ന (അനുശാസനകളാണ്) നിർദ്ദേശങ്ങളാണ്

(h) "പൊതു അധികാരി" എന്നാൽ

(a) ഭരണഘടനയിലോ അതിന്റെ കീഴിലോ ;

(b) പാർലമെന്റ് നിർമ്മിച്ച ഏതെങ്കിലും നിയമത്തിലോ ;

(c) സംസ്ഥാന നിയമനിർമ്മാണ സഭയുടെ ഏതെങ്കിലും നിയമം വഴിയോ ;

(d) ബന്ധപ്പെട്ട സർക്കാർ പുറത്തിറക്കിയ ഒരു ഉത്തരവിൻമേലോ വിജ്ഞാപനം വഴിയോ ;

നിലവിൽ വന്നതോ, രൂപീകരിക്കപ്പെട്ടതോ ആയ സ്വയംഭരണമുള്ള അധികാരിയോ, ബോഡിയോ, ഇൻസ്റ്റിറ്റ്യൂഷനോ ആണ്. ഇവ കൂടാതെ പ്രത്യക്ഷമായോ, പരോക്ഷമായോ, പ്രസക്ത സർക്കാരിന്റെ ഫണ്ടിൽ നിന്ന് ;

(i) യഥാർത്ഥത്തിൽ ധനസഹായം നൽകുന്നതോ, നിയന്ത്രണത്തിലോ, ഉടമസ്ഥതയിലോ ഉള്ള ബോഡി ;

(ii) യഥാർത്ഥത്തിൽ ധനസഹായം ലഭിക്കുന്ന സർക്കാരിതര സംഘടനകൾ ; തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

(i) രേഖ എന്നാൽ

(i) ഏത് ഫയലും പ്രമാണവും കൈയ്യെഴുത്ത് പ്രതിയും ;

(ii) ഒരു പ്രമാണത്തിന്റെ മൈക്രോഫിലിം മൈക്രോഫിഷെഫാക്സിമിലി കോപ്പികളും ;
മൈക്രോഫിലിമിൽ (വലുതാക്കിയോ അല്ലാതെയോ) ശേഖരിച്ചിട്ടുള്ള പ്രതിബിംബങ്ങളും അവയുടെ പുനരുത്പാദനവും

(iv) കമ്പ്യൂട്ടർ വഴിയോ അല്ലെങ്കിൽ മറ്റെതെങ്കിലും യന്ത്രത്താലോ നിർമ്മിക്കുന്ന രേഖകളും ഉൾപ്പെടുന്നു.

(j) അറിയാനുള്ള അവകാശം എന്നാൽ

ഏത് പൊതു അധികാരിയുടെ നിയന്ത്രണത്തിൻ കീഴിലോ കൈവശമോ ഉള്ള എളുപ്പത്തിൽ ലഭ്യമാക്കാവുന്ന വിവരങ്ങൾക്കുള്ള അവകാശമാണ്. ഈ അവകാശം താഴെ പറയുന്നവകൂടി ഉൾക്കൊള്ളാവുന്നതാണ്.

(i) പ്രമാണങ്ങളുടേയും രേഖകളുടേയും പരിശോധന ;

(ii) കുറിപ്പടികൾ എടുക്കുന്നതും പ്രമാണങ്ങളുടേയും രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ എടുക്കുന്നതും ഭാഗങ്ങൾമാത്രം എടുക്കുന്നതും മറ്റും ;

(iii) ഏത് പദാർത്ഥത്തിന്റേയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കുന്നത് ;

(iv) കമ്പ്യൂട്ടറിലോ അതുപോലുള്ള മറ്റു സംവിധാനങ്ങളിലോ ശേഖരിച്ച വച്ചിട്ടുള്ള വിവരങ്ങൾ ഡിസ്കുകൾ, ഫ്ളോപ്പികൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിലോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക്ക് രൂപത്തിലോ, പ്രിന്റ് ഔട്ടുകൾ വഴിയോ ലഭ്യമാക്കുന്നതും ഉൾപ്പെടുന്നു

(k) സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ എന്നാൽ

15-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനാണ്.

(l) "സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷൻ" എന്നാൽ

15-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറും ആണ്.

(m) "സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ഓഫീസർ എന്നാൽ

5-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം നിയുക്തനായ സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ഓഫീസറേയും 2-ാം ഉപവകുപ്പ് പ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറും ഉൾപ്പെടുന്നു.

(n) മൂന്നാംകക്ഷി എന്നാൽ

വിവരങ്ങൾക്കായി അപേക്ഷിക്കുന്ന പൗരനല്ലാത്ത ഒരു വ്യക്തിയേയും, ഒരു പൊതു അധികാരി യേയും ഉൾക്കൊള്ളുന്നു.

## അദ്ധ്യായം 2
## അറിയാനുള്ള അവകാശവും പൊതു അധികാരികളുടെ കടമകളും

3. അറിയാനുള്ള അവകാശം

ഈ നിയമത്തിന്റെ വകുപ്പുകൾക്ക് വിധേയമായി എല്ലാ പൗരന്മാർക്കും അറിയാനുള്ള അവകാ ശമുണ്ട്.

4. പൊതു അധികാരികളുടെ കടമകൾ

(എ) ഈ നിയമം വഴിയായുള്ള അറിയാനുള്ള അവകാശം സുഗമമായി ലഭ്യമാക്കുന്നതിലേക്ക് എല്ലാ രേഖകളും തരംതിരിച്ച് പട്ടികയുണ്ടാക്കി അനുയോജ്യമായ രീതിയിൽ സൂക്ഷിക്കുക, കൂടാതെ കമ്പ്യൂട്ടറിൽ സൂക്ഷിക്കാനുതകുന്ന രേഖകൾ, ന്യായമായ സമയത്തിനുള്ളിലും വിവര ലഭ്യതയുടെ അടിസ്ഥാനത്തിലും കമ്പ്യൂട്ടറിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയും അത്തരം രേഖകൾ രാജ്യവ്യാപകമായി ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിച്ചുകൊണ്ട് അത്തരം രേഖകളുടെ ലഭ്യത സുഗമമാക്കുക.

(ബി) ഈ നിയമനിർമ്മാണത്തിന്റെയന്ന് തുടങ്ങി നൂറ്റിയിരുപത് ദിവസങ്ങൾക്കുള്ളിൽ താഴെപ്പറ യുന്നവ പ്രസിദ്ധീകരിക്കേണ്ടതാണ്.

(i) സംഘടനയുടെ വിശദാംശങ്ങളും, പ്രവർത്തനങ്ങളും, ചുമതലകളും

(ii) ഉദ്യോഗസ്ഥരുടേയും, ജോലിക്കാരുടേയും, അധികാരങ്ങളും ചുമതലകളും

(iii) തീരുമാനമെടുക്കൽ പ്രക്രീയയിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ
കൂടാതെ വഹിക്കേണ്ട മേൽനോട്ടവും ഉത്തരവാദിത്തവും ഉൾപ്പെടുന്നു.

(iv) സംഘടനയുടെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനായി തീർച്ചപ്പെടുത്തിയ നിയമങ്ങൾ

(v) പ്രവർത്തന നിർവഹണത്തിനായി ജോലിക്കാർ ഉപയോഗപ്പെടുത്തുന്നതോ അല്ലെങ്കിൽ അതിന്റെ നിയന്ത്രണത്തിലോ കൈവശമോ ഉള്ള നിയമങ്ങളും ചട്ടങ്ങളും, രേഖകളും ലഘുഗ്ര ന്ഥങ്ങളും

(vi) അതിന്റെ കൈവശമുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ പല വിഭാഗങ്ങളിലുള്ള പ്രമാണങ്ങളെക്കുറിച്ചുള്ള ഒരു പ്രസ്താവന

(vii) നയരൂപീകരണത്തിനും പ്രാവർത്തികമാക്കുന്നതിനുമായി പൊതുജനങ്ങളിൽ നിന്ന് വിദ ഗ്ധോപദേശം തേടുന്നതിനും പ്രാതിനിധ്യത്തിനുമായുള്ള ക്രമീകരണങ്ങളെക്കുറിച്ചുള്ള വിശദീ കരണങ്ങൾ

(viii) ബോർഡുകൾ, കൗൺസിലുകൾ, കമ്മറ്റികൾ തുടങ്ങി അതിന്റെ ഉപദേശത്തിനായി രൂപീക രിച്ചിട്ടുള്ള രണ്ടോ അതിലധികമോ വ്യക്തികളടങ്ങിയ മറ്റു ബോഡികളുടേയും യോഗങ്ങളിൽ പൊതുജനത്തിന് പ്രവേശനസ്വാതന്ത്ര്യമുണ്ടോ അല്ലെങ്കിൽ യോഗങ്ങളിലെ മിനുട്ട്സ് അവർക്ക് പ്രാപ്യമാണോയെന്ന്

(ix) ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടേയും ഒരു മേൽവിലാസ പട്ടിക

(x) ഓരോ ഉദ്യോഗസ്ഥനും, ജീവനക്കാരനും സ്വീകരിക്കുന്ന മാസവരുമാനം ചട്ടങ്ങളിൽ നൽകി യിട്ടുള്ള നഷ്ടപരിഹാര സമ്പ്രദായമുൾപ്പെടെ

(xi) ഓരോ ഏജൻസിക്കും അനുവദിച്ചിട്ടുള്ള ബഡ്ജറ്റും, എല്ലാ പദ്ധതികളുടെ വിശദാം ശങ്ങളും നിർദ്ദിഷ്ട ചെലവുകളും, പണം നൽകിയതു സംബന്ധിച്ചുള്ള റിപ്പോർട്ടുകളും

(xii) സഹായധനം ലഭിക്കുന്ന പദ്ധതിയുടെ കൃത്യനിർവഹണരീതി, ഗുണഭോക്താവിന് പദ്ധതി പ്രകാരം അനുവദിച്ച തുകയുൾപ്പെടെ

(xiii) അത് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും അംഗീകാരവും അനുവാദവും ലഭ്യമാകുന്ന ഗുണഭോക്താവിനെക്കുറിച്ചുള്ള വിശദാംശങ്ങൾ

(xiv) ഇലക്ട്രോണിക് രൂപത്തിൽ ചെറുതാക്കി കൈവശമുള്ളതോ ലഭ്യമാക്കാവുന്നതോ ആയ വിവരങ്ങളുടെ വിശദാംശങ്ങൾ

(xv)പൗരന്മാർക്ക് വിവരങ്ങൾ നേടുന്നതിന് ലഭ്യമാക്കിയിരുന്ന സൗകര്യങ്ങൾ വായനശാലകളും മറ്റും പൊതുജനാവിശ്യത്തിനുവേണ്ടി നിലനിർത്തുന്നുണ്ടെങ്കിൽ അവിടുത്തെ പ്രവർത്തനസമയ മുൾപ്പെടെയുള്ള കാര്യങ്ങൾ

(xvi) പൊതുബോധന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക അടക്കമുള്ള വിശദാംശങ്ങൾ

(xvii) നിർദ്ദേശിച്ചിട്ടുള്ള മറ്റു വിവരങ്ങൾ
ഇതെല്ലാം എല്ലാവർഷവും പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്
(സി) പൊതുജനങ്ങളെ ബാധിക്കുന്ന നയങ്ങൾ രൂപീകരിക്കുമ്പോഴും തീരുമാനങ്ങൾ അറി യിക്കുമ്പോഴേക്കും അവയെ സംബന്ധിക്കുന്ന പ്രസക്തമായ എല്ലാ വസ്തുതകളും പരസ്യമാ ക്കണം
(ഡി) ഭരണപരമായവയോ അർദ്ധനീതിന്യായ സ്വഭാവമുള്ളതോ ആയ തീരുമാനങ്ങൾ എടുക്കു മ്പോൾ അതു ബാധിക്കുന്ന വ്യക്തികൾക്ക് അതിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കണം.
(2) ഒന്നാം ഉപവകുപ്പിന്റെ ക്ലോസ് ബി പ്രകാരം എല്ലാ പൊതു അധികാരികളും പൊതുജന ങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ വിവിധങ്ങളായ ഇന്റർനെറ്റുൾപ്പെടെയുള്ള വിനിമയ സാങ്കേ തങ്ങളിലൂടെ കഴിയുന്നത്ര വിവരങ്ങൾ നൽകാൻ വേണ്ടി നടപടികൾ സ്വമേധയാ സ്വീകരിക്കാൻ പരിശ്രമിക്കണം. അങ്ങനെ ഈ നിയമത്തിന്റെ ഉപയോഗത്തെ ആശ്രയിക്കുക വഴി പൊതുജന ത്തിന് അവർക്കാവശ്യമുള്ള വിവരങ്ങൾ നേടാനാകും.
(3) ഒന്നാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് എളു പ്പത്തിൽ പ്രാപ്യമാക്കാവുന്ന തരത്തിൽ വ്യാപകമായി പ്രചരിപ്പിക്കണം.
(4) കേന്ദ്ര പൊതുബോധന ഉദ്യോഗസ്ഥനോ സംസ്ഥാന പൊതുബോധന ഉദ്യോഗസ്ഥനോ ചെലവുകൾ കണക്കിലെടുത്ത്കൊണ്ട് തന്നെ എല്ലാ വസ്തുതകളും പ്രാദേശിക സ്ഥലങ്ങളിൽ പ്രാദേശിക ഭാഷയിൽ എളുപ്പത്തിൽ പ്രാപ്യമാകുന്ന രീതിയിൽ വളരെ ഫലവത്തായ വിനിമ യോപാധികളിലൂടെ കഴിയുന്നതും ഇലക്ട്രോണിക് രൂപത്തിൽ സൗജന്യമായി അല്ലെങ്കിൽ നിർദ്ദേശിക്കുന്ന അച്ചടി ചെലവ് അല്ലെങ്കിൽ ഉപയോഗിക്കുന്ന മാധ്യമത്തിന്റെ ചെലവ് മാത്രമെ ടുത്ത് പ്രചരിപ്പിക്കണം.
വിശദീകരണം :- മൂന്നും നാലും ഉപവകുപ്പുകളുടെ ആവശ്യത്തിലേക്കായി പ്രചരിപ്പിക്കുക എന്നാൽ ഏതെങ്കിലും പൊതു അധികാരിയുടെ ഓഫീസുകൾ പരിശോധിക്കുന്നതുൾപ്പെടെ നോട്ടീസ് ബോർഡ്, ദിനപത്രങ്ങൾ, പരസ്യ അറിയിപ്പുകൾ, മാധ്യമ സംപ്രേഷണങ്ങൾ, ഇന്റർനെറ്റ് മുതലായ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുക അല്ലെങ്കിൽ വിനിമയ നട ത്തുക എന്നാണർത്ഥം

## 5. പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ പദവി

1. എല്ലാ പൊതു അധികാരികളും ഈ നിയമം നിർമ്മിച്ച് നൂറു ദിവസത്തിനുള്ളിൽ എല്ലാ ഭരണ വിഭാഗങ്ങളിലും അതിനുകീഴിലുള്ള ഓഫീസുകളിലും ഈ നിയമപ്രകാരം അപേക്ഷകർക്ക് വിവരങ്ങൾ ലഭ്യമാക്കാൻ, കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയോ, സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയോ നിയോഗിക്കും.

(2) ഒന്നാം ഉപവകുപ്പിന്റെ വ്യവസ്ഥകളോട് മുൻവിധികളൊന്നുമില്ലാതെ എല്ലാ പൊതു അധികാ രികളും ഈ നിയമനിർമ്മാണത്തിന്റെ നൂറു ദിവസങ്ങൾക്കുള്ളിൽ ഓരോ ഉപജില്ലാതലത്തിലും ഉപവിഭാഗതലത്തിലും ഒരു ഉദ്യോഗസ്ഥനെ കേന്ദ്ര അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീ സറായോ, സംസ്ഥാന അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറായോ നിയോഗിക്കും. ഈ നിയമപ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും അവ സ്ഥയനുസരിച്ച് അവ ഉടൻതന്നെ കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കോ, സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ അല്ലെങ്കിൽ 19-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിൽ പറ

ഞ്ഞിട്ടുള്ള മുതിർന്ന ഉദ്യോഗസ്ഥനോ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനോ, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ അയക്കുന്നതാണ്.

വിവരങ്ങൾ ലഭിക്കാനായി ഒരപേക്ഷ അല്ലെങ്കിൽ അപ്പീൽ കേന്ദ്ര അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കോ സംസ്ഥാന അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ സമർപ്പിച്ചിരിക്കുന്ന പക്ഷം 7-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള മറുപടിക്കുള്ള കാലാവധി കണക്കുകൂട്ടുമ്പോൾ അഞ്ചുദിവസ കാലയളവ് അതിനോടൊപ്പം കൂട്ടണം.

(3). എല്ലാ കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ഓഫീസറും സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസറും വിവരങ്ങൾ തേടുന്ന അന്വേഷകന് ആവശ്യമുള്ള സഹായ സഹകരണങ്ങൾ ലഭ്യമാക്കണം.

(4) പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് തന്റെ ശരിയായ കർത്തവ്യ നിർവ്വഹണത്തിന് ആവശ്യമെന്നുതോന്നുന്ന സഹായം മറ്റു ഉദ്യോഗസ്ഥരോട് തേടാവുന്നതാണ്.

(5) നാലാം ഉപവകുപ്പു പ്രകാരം പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ഏതെങ്കിലും ഉദ്യോഗസ്ഥരോട് സഹായം തേടിയാൽ ടി ഉദ്യോഗസ്ഥൻ ആവശ്യമായ എല്ലാ സഹായങ്ങളും നൽകേണ്ടതാണ്. അപ്രകാരം ചെയ്യാതെ ചട്ടലംഘനം നടത്തിയാൽ ടി ഉദ്യോഗസ്ഥനെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി കണക്കാക്കും.

## 6. വിവരങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ

1). വിവരങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി ആവശ്യമായ രേഖകളുടെ വിവരങ്ങൾ വ്യക്തമാക്കികൊണ്ട് ഇംഗ്ലീഷിലോ ഹിന്ദിയിലോ അപേക്ഷ നല്കുന്ന സ്ഥലത്തെ ഔദ്യോഗിക ഭാഷയിലോ തയ്യാറാക്കിയ ഒരപേക്ഷ രേഖാമൂലോ ഇലക്ട്രോണിക് മാധ്യമം വഴിയോ നിർദ്ദിഷ്ട ഫീസ് ഉൾപ്പെടെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷ എഴുതി നല്കാൻ പറ്റാത്ത വ്യക്തിക്ക് പറയുന്ന അപേക്ഷ രേഖപ്പെടുത്തുന്നുതിനുള്ള യുക്തമായ സഹായം പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ചെയ്തുകൊടുക്കേണ്ടതാണ്.

2) അപേക്ഷകനെ ബന്ധപ്പെടുന്നതിനാവശ്യമായ വിവരങ്ങളല്ലാതെ അപേക്ഷക്കുള്ള കാരണങ്ങളോ മറ്റെതെങ്കിലും വ്യക്തിപരമായ വിശദാംശങ്ങളോ അപേക്ഷകനിൽ നിന്ന് ആവശ്യപ്പെടാവുന്നതല്ല.

3) മറ്റൊരു പൊതു അധികാരിയുടെ പ്രവർത്തനങ്ങളുമായി വളരെ അടുത്ത് ബന്ധപ്പെട്ടു കിടക്കുന്ന വിഷയമോ അല്ലെങ്കിൽ മറ്റൊരു പൊതു അധികാരിയുടെ കൈവശമുള്ള വിവരങ്ങൾ ലഭിക്കുന്നതിനായി ഒരപേക്ഷ പൊതു അധികാരിയുടെ പക്കൽ സമർപ്പിച്ചാൽ ടി അധികാരി ആ അപേക്ഷയോ, അപേക്ഷയുടെ ആവശ്യമുള്ള ഭാഗമോ ഔചിത്യപൂർവ്വം ബന്ധപ്പെട്ട പൊതു അധികാരിക്ക് അയക്കുകയും പെട്ടെന്ന് തന്നെ അപേക്ഷകനെ വിവരമറിയിക്കുകയും വേണം.

ഈ ഉപവകുപ്പിന് അനുസൃതമായി നടത്തിയ അപേക്ഷകൈമാറ്റം, അപേക്ഷ സ്വീകരിച്ച് കഴിയുന്നതും വേഗത്തിൽ അഞ്ചുദിവസത്തിനുള്ളിൽ തന്നെ നടത്തേണ്ടതാണ്.

## 7. അപേക്ഷകളിന്മേലുള്ള തീരുമാനം

1). 5-ാം വകുപ്പും 6-ാം വകുപ്പും അനുസരിച്ച് ഒരപേക്ഷ കിട്ടിയാൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ കഴിയുന്നത്ര വേഗത്തിൽ എന്തായാലും 30 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫീസ് വാങ്ങി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയോ, എട്ടും പത്തും വകുപ്പുകളിൽ പറയുന്ന കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ആവശ്യപ്പെടുന്ന വിവരങ്ങൾ ഒരു വ്യക്തിയുടെ ജീവനും സ്വതന്ത്ര്യവുമായി ബന്ധപ്പെട്ടുള്ളതാണെങ്കിൽ അപേക്ഷ സ്വീകരിച്ച് നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ അത് നൽകേണ്ടതാണ്.

2) ഒന്നാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാലയളവിൽ അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ലെങ്കിൽ അപേക്ഷ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ നിരസിച്ചതായി കണക്കാക്കും.

3) വിവരങ്ങൾ നൽകുന്നതിന് കൂടുതൽ ഫീസ് തുക അതിന്റെ ചെലവിനായി വാങ്ങിക്കാൻ തീരുമാനം എടുക്കുന്നപക്ഷം അപേക്ഷകന് കൂടുതൽ ഫീസ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും ടി ഫീസ് അടക്കാൻ ആവശ്യപ്പെടുകയും വേണം. അപ്രകാരം അറിയിക്കേണ്ടതിലേക്കും ഫീസ് ഒടുക്കേണ്ടതിലേക്കും വേണ്ടിവരുന്ന സമയം മുപ്പതു ദിവസത്തെ കാലയളവ് കണക്കാക്കുമ്പോൾ ഒഴിവാക്കുന്നതാണ് ഈ അറിയിപ്പിൽ അപേക്ഷ സമർപ്പിച്ച ആൾക്ക് ഫീസ് തുക വർദ്ധിപ്പിച്ച തീരുമാനത്തെ പുനപരിശോധിക്കാനുള്ള അവകാശത്തെക്കുറിച്ചും, അപ്പീൽ അധികാരി, സമയപരിധി, നടപടിക്രമം തുടങ്ങിയവയെക്കുറിച്ചും പ്രതിപാദിച്ചിരിക്കണം.

4) അപേക്ഷകൻ ഇന്ദ്രിയ സംബന്ധമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നയാളാണ് എങ്കിൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ പരിശോധനക്കുൾപ്പെടെ സമുചിതമായ രീതിയിൽ അയാളെ സഹായിക്കേണ്ടതാണ്.

5) വിവരങ്ങൾ ഏതെങ്കിലും ഇലക്ട്രോണിക് രൂപത്തിലോ, അച്ചടിച്ചോ ആണ് ലഭ്യമാക്കുന്നതെങ്കിൽ അപേക്ഷകൻ 6-ാം ഉപവകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള തുക അടക്കേണ്ടതാണ്.

6) 7-ാം വകുപ്പിലും, 5ഉം 6ഉം വകുപ്പുകളുടെ 1-ാം ഉപവകുപ്പിലും നിർദ്ദേശിച്ചിട്ടുള്ള ഫീസ് തുക ന്യായമായതിനാൽ അതിൽ കൂടുതൽ തുക സർക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് രേഖപ്പെടുത്തിയവരിൽ നിന്ന് ഈടാക്കരുത്.

7) 1-ാം ഉപവകുപ്പിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനം എടുക്കുന്നതിന് മുമ്പ് ഉദ്യോഗസ്ഥൻ മൂന്നാം കക്ഷികൾ 11-ാം വകുപ്പ് പ്രകാരം നല്കിയ ആക്ഷേപം പരിഗണിക്കേണ്ടതാണ്.

8) 1-ാം ഉപവകുപ്പിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കുന്ന പക്ഷം പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

(i) അപേക്ഷ നിരസിച്ച കാരണങ്ങളും
(ii) അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലയളവും
(iii) അപ്പീൽ അധികാരിയുടെ വിവരങ്ങളും അപേക്ഷകനെ അറിയിക്കേണ്ടതാണ്.

9) ആവശ്യപ്പെടുന്ന റിക്കാർഡുകളുടെ സുരക്ഷിതത്വത്തിനോ സൂക്ഷിപ്പിനോ ദോഷകരമാകുന്നില്ലെങ്കിൽ ആവശ്യപ്പെട്ട രൂപത്തിൽ സാധാരണയായി വിവരങ്ങൾ നല്കുന്നതായിരിക്കും.

## 8. വിവരങ്ങൾ നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടവ

ഈ നിയമത്തിൽ എന്തെല്ലാം പ്രസ്താവിച്ചിരുന്നാലും താഴെ പറയുന്ന വിവരങ്ങൾ ഒരു പൗരന് വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു.

എ) ഇന്ത്യയുടെ പരമാധികാരത്തെയും, അഖണ്ഡതയേയും, രാഷ്ട്രസുരക്ഷയേയും, ഇന്ത്യയുടെ യുദ്ധതന്ത്രം, ശാസ്ത്രസാമ്പത്തിക താല്പര്യം എന്നിവയേയും അന്തർദേശീയ സൗഹാർദ്ദ പരിപാലനത്തെയും ബാധിക്കുന്ന വിവരങ്ങൾ

ബി) കോടതികളുടേയോ ട്രിബ്യൂണലുകളുടേയോ അവകാശലംഘനങ്ങൾക്ക് കാരണമാകുന്നതോ കോടതിയുത്തരവുകൾവഴി പരസ്യപ്പെടുത്തുന്നത് തടഞ്ഞിരിക്കുന്നതോ ആയ വിവരങ്ങൾ

സി) പാർലമെന്റിന്റേയോ സംസ്ഥാന നിയമസഭയുടേയോ പ്രത്യേക അവകാശങ്ങളുടെ ലംഘനത്തിനു കാരണമായേക്കാവുന്ന വിവരങ്ങൾ

ഡി) പൊതുജനതാല്പര്യം, ആവശ്യപ്പെടുന്നില്ല എന്ന യുക്താധികാരിക്ക് തൃപ്തികരമായി ബോധ്യപ്പെട്ടതും മൂന്നാം കക്ഷിയുടെ മത്സരാധിഷ്ടഠിത സ്ഥാനത്തിന് ഹാനികരമായേക്കാവുന്ന വ്യാപാര രഹസ്യങ്ങൾ, സ്വത്ത് വാണിജ്യ വിശ്വാസ്യത എന്നിവ ഉൾപ്പെടെ വിവരങ്ങൾ ;

ഇ) പൊതുജന താല്പര്യപ്രകാരം വെളിപ്പെടുത്തൽ ആവശ്യപ്പെടുന്നില്ലെന്ന് യുക്താധികാരിക്ക് തൃപ്തികരമായി ബോധ്യപ്പെട്ടതും ഒരാൾക്ക് അയാളുടെ പരസ്പര വിശ്വാസധിഷ്ഠിതമായ ബന്ധത്തിലൂടെ (Fiduciary relationship) ലഭിച്ച വിവരങ്ങൾ ;

എഫ്) പരസ്പര വിശ്വാസത്തിൽ വിദേശ രാജ്യങ്ങളിൽ നിന്ന് സ്വീകരിച്ച വിവരങ്ങൾ ;

ജി) ഏതെങ്കിലും വ്യക്തികളുടെ ജീവനോ, ശാരീരികസുരക്ഷയോ അപകടത്തിലാക്കുന്നതോ, സുരക്ഷാ ഉദ്ദേശ്യങ്ങൾക്കോ നിയമനടത്തിപ്പിലേക്കായി വിശ്വാസ്യതയിൽ കൈമാറിയ വിവരങ്ങളുടെ ഉറവിടം തിരിച്ചറിയാൻ കഴിയുന്നതുമായ വിവരങ്ങൾ

എച്ച്) കുറ്റവാളികളുടെ വിചാരണയേയോ, അറസ്റ്റിനേയോ, അന്വേഷണപ്രക്രിയക്കോ, തടസ്സം വരുത്തുന്ന വിവരങ്ങൾ.

ഐ) മന്ത്രിസഭ സെക്രട്ടറിമാർ, മറ്റു ഉദ്യോഗസ്ഥർ, തുടങ്ങിയവരുടെ നിരൂപണങ്ങൾ ഉൾപ്പെടുന്ന മന്ത്രിസഭാരേഖകൾ.

മന്ത്രിസഭാ തീരുമാനങ്ങൾ എടുക്കാൻ ആധാരമാക്കിയ വസ്തുതകളും കാരണങ്ങളും തീരുമാനങ്ങൾ നടപ്പിലാക്കിയശേഷം പരസ്യമാക്കേണ്ടതാണ്. ഈ വകുപ്പ് പ്രകാരം വെളിപ്പെടുത്തലിൽ നിന്ന് ഒഴിവാക്കപ്പെട്ട വിവരങ്ങൾ നൽകേണ്ടതില്ല.

ജെ) വ്യക്തിപരമായ വിവരങ്ങളെ സംബന്ധിക്കുന്നതോ പൊതു താല്പര്യവും പ്രവർത്തനങ്ങളുമായി ഒരു ബന്ധവുമില്ലാത്തും ഒരു വ്യക്തിയുടെ സ്വകാര്യതയെ ലംഘിക്കുന്നതുമായ വിവരങ്ങൾ, പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരോ, അപ്പീൽ അധികാരികളോ, ഈ വിവരങ്ങളുടെ വെളിപ്പെടുത്തൽ പൊതുജനതാല്പര്യാർത്ഥമാണെന്ന് കാണാത്തിടത്തോളം ഒഴിവാക്കിയിരിക്കുന്നു.

(1) പാർലമെന്റിനും നിയമനിർമ്മാണസഭകൾക്കും നിഷേധിക്കാത്ത ഒരു വിവരവും വ്യക്തിക്കും നിഷേധിക്കാവുന്നതല്ല.

(2) ഔദ്യോഗിക രഹസ്യ നിയമത്തിൽ എന്തെല്ലാം പ്രസ്താവിച്ചിരുന്നാലും 1-ാം ഉപവകുപ്പു പ്രകാരം എന്തൊക്കെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും വെളിപ്പെടുത്തലിലൂടെ സംരക്ഷിത താല്പര്യങ്ങൾക്കുണ്ടാകുന്ന ഹാനിയേക്കാൾ കൂടുതൽ പ്രാധാന്യം പൊതുതാല്പര്യത്തിനുണ്ടെങ്കിൽ പൊതു അധികാരി ആ വിവരം ലഭ്യമാക്കും.

(3) 1-ാം ഉപവകുപ്പിന്റെ (എ), (സി), (ഐ) എന്നീ ഉപാധികൾക്ക് വിധേയമായി 6-ാം വകുപ്പു പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വ്യക്തിക്ക് അപേക്ഷ സമർപ്പിച്ച തീയതു മുതൽ 20 വർഷം മുമ്പ് നടന്നതോ സംബന്ധിച്ചതോ ആയ കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നല്കേണ്ടതാണ്. ഇരുപതു വർഷം കണക്കാക്കേണ്ട തീയതിയെക്കുറിച്ചുള്ള സംശയങ്ങൾക്ക് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള അപ്പീൽ വഴിയോ, കേന്ദ്രസർക്കാരിന്റേ തീരുമാനം വഴിയോ ആയിരിക്കും. കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

## 9. വിവരങ്ങൾ നിരസിക്കാനുള്ള മറ്റു ചില കാരണങ്ങൾ

8-ാം വകുപ്പിന്റെ ഉള്ളടക്കത്തിന് വിഘാതമാകാതെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരോ, അപേക്ഷയിൽ പ്രതിപാദിക്കുന്ന വിവരങ്ങൾ രാഷ്ട്രത്തിന്റേതല്ലാതെ ഒരു വ്യക്തിയുടെ പകർപ്പവകാശലംഘനമാണെങ്കിൽ ആ വിവരങ്ങൾ നിരസിക്കാവുന്നതാണ്.

## 10. വേർതിരിക്കൽ (severability)

(1) വിവരങ്ങൾ ലഭിക്കുന്നതിനുള്ള ഒരപേക്ഷ 'ഒഴിവാക്കപ്പെട്ടിരിക്കുന്നു' എന്ന കാരണത്താൽ നിരസിക്കുകയാണെങ്കിൽ ഈ നിയമത്തിൽ എന്തെല്ലാം പ്രസ്താവിച്ചിരുന്നാലും ഈ വിവരങ്ങളിൽ അനുവദിക്കാവുന്ന ഭാഗങ്ങളുള്ള പക്ഷം ആ ഭാഗം മറ്റു ഒഴിവാക്കപ്പെട്ട ഭാഗങ്ങളിൽ നിന്നും വേർതിരിക്കാവുന്നതാണെങ്കിൽ അനുവദിക്കാവുന്ന ഭാഗത്തെ വിവരങ്ങൾ നൽകേണ്ടതാണ്.

(2) 1-ാം ഉപവകുപ്പു പ്രകാരം രേഖയുടെ ഒരു ഭാഗം വിവരങ്ങൾ മാത്രം നൽകുമ്പോൾ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ താഴെ പറയുന്നവ അപേക്ഷകനെ അറിയിക്കണം.

(എ) ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ കഴിച്ചുള്ള രേഖയിലെ വിവരങ്ങൾ മാത്രമാണ് നൽകിയിരിക്കുന്നത് ;

(ബി) തീരുമാനത്തിന്റെ കാരണങ്ങളും വസ്തുതാപരമായ കണ്ടെത്തലുകളും അവയ്ക്ക് ആധാരമായ വസ്തുതതകളും ;

(സി) തീരുമാനമെടുക്കുന്നയാളുടെ പേരും തസ്തികയും ;

(ഡി) അപേക്ഷ സമർപ്പിക്കുന്നയാൾ കണക്കാക്കേണ്ട ഫീസിന്റെ വിശദാംശങ്ങളും അപേക്ഷകൻ നല്കേണ്ട ഫീസും ;

(ഇ) വിവരങ്ങൾ വെളിപ്പെടുത്താതെ ഒരു ഭാഗം ഒഴിവാക്കപ്പെട്ട തീരുമാനം പുനപരിശോധിക്കുന്നതിനുള്ള അപേക്ഷകന്റെ അവകാശങ്ങളും ഫീസും അപേക്ഷപത്രം സമയപരിധി, പ്രക്രിയ എന്നിവ കൂടാതെ 19-ാം വകുപ്പിന്റെ 1-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള മുതിർന്ന ഉദ്യോഗസ്ഥൻ, പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, എന്നിവരെക്കുറിച്ചുള്ള വിശദാംശങ്ങളും ഉൾപ്പെടുത്തണം.

## 11. മൂന്നാംകക്ഷി വിവരങ്ങൾ

(1) പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു അപേക്ഷയിന്മേൽ മൂന്നാം കക്ഷിയെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങളോ, രേഖകളോ, അല്ലെങ്കിൽ അയാളിൽനിന്ന് സ്വീകരിച്ചതും, മൂന്നാംകക്ഷി രഹസ്യമായി കണക്കാക്കുന്നതുമായ വിവരങ്ങൾ വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അപേക്ഷ കിട്ടി അഞ്ചുദിവസത്തിനുള്ളിൽ ആ ഉദ്യോഗസ്ഥൻ അപേക്ഷയെക്കുറിച്ചും വെളിപ്പെടുത്തുന്ന ഭാഗമോ, രേഖയോ വ്യക്തമാക്കി കൊണ്ട് ഒരു നോട്ടീസ് നൽകേണ്ടതും ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ വാക്കാലോ രേഖാമൂലമോ മൂന്നാംകക്ഷി സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾ വെളിപ്പെടുത്തണമോ വേണ്ടയോ എന്നു തീരുമാനമെടുക്കുമ്പോൾ മൂന്നാംകക്ഷിയുടെ ഈ ആക്ഷേപവും പരിഗണിക്കേണ്ടതുണ്ട്.

എന്നാൽ നിയമപ്രകാരം സംരക്ഷണമുള്ള വ്യാപാര - വ്യവസായ രഹസ്യങ്ങളൊഴിച്ചുള്ള സംഗതികളിൽ മൂന്നാംകക്ഷിക്ക് സംഭവിക്കാവുന്ന ദോഷങ്ങളെക്കാളും ഉപദ്രവങ്ങളേക്കാളും കൂടുതൽ പ്രാധാന്യം പൊതുതാല്പര്യത്തിനാണെങ്കിൽ അത്തരം വിവരങ്ങൾ നൽകാവുന്നതാണ്.

(2) 1-ാം ഉപവകുപ്പ് പ്രകാരം നൽകിയിരിക്കുന്ന നോട്ടീസ് ലഭിച്ച് പത്തു ദിവസത്തിനുള്ളിൽ മൂന്നാം കക്ഷിക്ക് വിവരങ്ങളുടെ വെളിപ്പെടുത്തൽ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് ബോധിപ്പിക്കാനുള്ള അവസരം നൽകേണ്ടതാണ്

(3) 7-ാം വകുപ്പിൽ എന്തൊക്കെ പ്രസ്താവിച്ചിരുന്നാലും പബ്ളിക് ഇൻഫർമേഷൻ ഓഫീസർ 6-ാം വകുപ്പുപ്രകാരമുള്ള അപേക്ഷ സ്വീകരിച്ച് നാല്പത് ദിവസത്തിനുള്ളിൽ 2-ാം ഉപവകുപ്പ് പ്രകാരം മൂന്നാം കക്ഷിക്ക് ആക്ഷേപം ബോധിപ്പിക്കാനുള്ള അവസരം നൽകിയശേഷം വിവരങ്ങളോ, രേഖകളോ വെളിപ്പെടുത്തണമോ വേണ്ടയോ എന്ന് തീരുമാനമെടുക്കുകയും അത് സംബന്ധിച്ച് മൂന്നാനം കക്ഷിക്ക് ഒരു നോട്ടീസ് അയക്കുകയും വേണം;

(4) 3-ാം ഉപവകുപ്പു പ്രകാരം നൽകുന്ന നോട്ടീസിൽ 19-ാം വകുപ്പ് പ്രകാരം മൂന്നാം കക്ഷിക്ക് അപ്പീൽ നൽകുന്നതിനുള്ള അവകാശത്തെക്കുറിച്ച് ഒരു പ്രസ്താവന ഉൾപ്പെടുത്തിയിരിക്കണം

## അദ്ധ്യായം 3
## കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ

### 12. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ രൂപീകരണം

(1) ഔദ്യോഗിക ഗസറ്റിലെ വിജ്ഞാനപനം വഴി കേന്ദ്ര സർക്കാർ ഈ നിയമം വഴി നൽകിയിരിക്കുന്ന അധികാരങ്ങൾ ഉപയോഗിക്കുന്നതിനായി കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിക്കും.

(2) താഴെ പറയുന്നവർ ഉൾപ്പെടുന്നതായിരിക്കും കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ

(എ) ചീഫ് ഇൻഫർമേഷൻ കമ്മീഷൻ

(ബി) ആവശ്യമുള്ള, എന്നാൽ എണ്ണം പത്തിൽ കവിയാതെയുള്ള കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ

(3) ചീഫ് ഇൻഫർമേഷൻ കമ്മീഷണറേയും ഇൻഫർമേഷൻ കമ്മീഷണർമാരെയും താഴെപറയുന്നവരുൾപ്പെടുന്ന കമ്മിറ്റിയുടെ ശുപാർശ പ്രകാരം രാഷ്ട്രപതി നിയമിക്കും

(i) കമ്മിറ്റിയുടെ അദ്ധ്യക്ഷനായ പ്രധാനമന്ത്രി
(ii) ലോകസഭയിലെ പ്രതിപക്ഷനേതാവ്
(iii) പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു കേന്ദ്ര കാബിനറ്റ് മന്ത്രി

### വിശദീകരണം

സംശയ ദൂരീകരണത്തിനായി ലോകസഭയിലെ പ്രതിപക്ഷനേതാവ് എന്നതുകൊണ്ട്, അംഗീകരിക്കപ്പെട്ട ഒരാളുടെ അഭാവത്തിൽ ലോകസഭയിൽ സർക്കാരിനെതിരെയുള്ള ഏറ്റവും വലിയ പ്രതിപക്ഷകക്ഷിയുടെ നേതാവായിരിക്കും.

(4) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ മേൽനോട്ടം, ഭരണനടത്തിപ്പ്, കാര്യനിർവ്വഹണം മുതലായ കാര്യങ്ങൾ ചീഫ് ഇൻഫർമേഷൻ കമ്മീഷണറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇൻഫർമേഷൻ കമ്മീഷണർമാർ ഇക്കാര്യങ്ങളിൽ ചീഫ് ഇൻഫർമേഷൻ കമ്മീഷണറെ സഹായിക്കുകയും കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ ഈ നിയമത്തിലെ മറ്റൊരു അധികാരിയുടേയും ആജ്ഞകൾക്ക് വിധേയമാകാതെ സ്വയംഭരണരീതിയിൽ അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

(5) ചീഫ് ഇൻഫർമേഷൻ കമ്മീഷണറും ഇൻഫർമേഷൻ കമ്മീഷണർമാരും പൊതു ജീവിതത്തിൽ ശ്രേഷ്ടരും നിയമം, ശാസ്ത്രസാങ്കേതികം, സാമൂഹ്യസേവനം, പത്രപ്രവർത്തനം, ബാഹുജനമാധ്യമങ്ങൾ, ഭരണനിർവ്വഹണം എന്നീ മേഖലകളിൽ വിപുലമായി അറിവും അനുഭവവും ഉള്ള ആളുകളായിരിക്കണം.

(6) ചീഫ് ഇൻഫർമേഷൻ കമ്മീഷണറും ഇൻഫർമേഷൻ കമ്മീഷണർമാരും പാർലമെന്റിലെയോ, സംസ്ഥാന നിയമനിർമ്മാണ സഭകളിലേയോ അംഗങ്ങളായിരിക്കരുത്. അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടേയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ഔദ്യോഗിക പദവി വഹിക്കുന്നവരോ, വ്യാപാരമോ അല്ലെങ്കിൽ മറ്റെന്തെങ്കിലും തൊഴിൽ വ്യാപൃതരോ ആയിരിക്കരുത്.

(7) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ ആസ്ഥാനം ഡൽഹിയിലായിരിക്കും. കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിപ്രകാരം കമ്മീഷന് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും കാര്യാലയങ്ങൾ സ്ഥാപിക്കാവുന്നതാണ്.

## 13. ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും

1) ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ ഔദ്യോഗിക കാലാവധി പദവിയിൽ പ്രവേശിക്കുന്ന അന്ന് തുടങ്ങി 5 വർഷമായിരിക്കും. ചീഫ് ഇൻഫർമേഷൻ കമ്മീഷണറായി വിരമിച്ച ഒരാളെ വീണ്ടും അതേ പദവിയിൽ നിയമിക്കാവുന്നതല്ല. ഒരു ഇൻഫർമേഷൻ കമ്മീഷണറും അറുപത്തിയഞ്ച് വയസ്സിന് ശേഷം ചീഫ് ഇൻഫർമേഷൻ കമ്മീഷണർ പദവി വഹിക്കുവാൻ പാടുള്ളതല്ല.

2) എല്ലാ ഇൻഫർമേഷൻ കമ്മീഷണർമാരും പദവിയിൽ പ്രവേശിക്കുന്ന അന്ന് തുടങ്ങി 5 വർഷം വരെയോ അല്ലെങ്കിൽ 65 വയസ്സ് തികയുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ ഔദ്യോഗിക പദവിയിൽ തുടരും. ഇൻഫർമേഷൻ കമ്മീഷണറായി അവരെ വീണ്ടു നിയമിക്കാവുന്നതല്ല. ഈ ഉപവകുപ്പ് പ്രകാരം പദവിയൊഴിയുന്ന എല്ലാ ഇൻഫർമേഷൻ ഉദ്യോഗസ്ഥരും 12-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം ചീഫ് ഇൻഫർമേഷൻ കമ്മീഷണറായി നിയമിക്കപ്പെടാൻ യോഗ്യരാണ്. ഇൻഫർമേഷൻ കമ്മീഷണർ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായി നിയമിക്കപ്പെട്ടാൽ ഇൻഫർമേഷൻ കമ്മീഷണർ, ചീഫ് ഇൻഫർമേഷൻ കമ്മീഷണർ എന്നീ നിലകളിൽ ആകെയുള്ള അഞ്ചുവർഷം തന്നെയായിരിക്കും ഔദ്യോഗിക കാലാവധി.

(3) ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ, ഇൻഫർമേഷൻ കമ്മീഷണറോ പദവിയിൽ പ്രവേശിക്കുന്നതിനോ ചുമതല ഏൽക്കുന്നതിനോ മുമ്പ് രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അദ്ദേഹത്താൽ നിയുക്തമായ ഒരാളുടെ മുന്നിൽ ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ പ്രതിജ്ഞ എടുക്കേണ്ടതാണ്.

(4) ഇൻഫർമേഷൻ കമ്മീഷണറിനോ ചീഫ് ഇൻഫർമേഷൻ കമ്മീഷണറിനോ യുക്തമെന്ന് കരുതുന്ന സമയത്ത് രാഷ്ട്രപതിക്ക് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്. 14-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള രീതിയിൽ ഇൻഫർമേഷൻ കമ്മീഷണറും ചീഫ് ഇൻഫർമേഷൻ കമ്മീഷണറും പദവിയിൽ നിന്ന് നീക്കം ചെയ്യപ്പെടാം.

## (5) സേവന വ്യവസ്ഥകളും ശമ്പളാനുകൂല്യങ്ങളും :

എ) ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ സേവന വ്യവസ്ഥകളും ശമ്പളാനുകൂല്യങ്ങളും ചീഫ് ഇലക്ഷൻ കമ്മീഷണറുടേതിന് തുല്യമായിരിക്കും.

ബി) ഇൻഫർമേഷൻ കമ്മീഷണറുടെ സേവന വ്യവസ്ഥകളും ശമ്പളാനുകൂല്യങ്ങളും ഇലക്ഷൻ കമ്മീഷണറുടേതിന് തുല്യമായിരിക്കും. ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഇൻഫർമേഷൻ കമ്മീഷണറോ അവരുടെ നിയമന സമയത്ത് മുമ്പ് ഇന്ത്യാ സർക്കാരിന്റെയോ സംസ്ഥാന സർക്കാരുകളുടെയോ കീഴിൽ ഇൻഫർമേഷൻ കമ്മീഷണറോ ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ആയി സേവനം അനുഷ്ടിച്ചതിന്റെ ഭാഗമായി പെൻഷൻ തുകയോ മറ്റേതെങ്കിലും ആനുകൂല്യങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിൽ അവരുടെ ശമ്പളം ആ തുക കണക്കിലെടുത്ത് കുറക്കേണ്ടതാണ്.

ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ, ഇൻഫർമേഷൻ കമ്മീഷണറോ, അവരുടെ നിയമന സമയത്ത് കേന്ദ്ര നിയമനപ്രകാരമോ, സംസ്ഥാന നിയമപ്രകാരമോ സ്ഥാപിതമായ ഒരു കോർപ്പറേഷനിലോ, അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന നിയമനപ്രകാരമോ സ്ഥാപിതമായ ഒരു കോർപ്പറേഷനിലോ, അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരുകളുടെയോ അധീനതയിലുള്ള ഏതെങ്കിലും കമ്പനിയിലോ സേവനം അനുഷ്ഠിച്ചതിന്റെ ഭാഗമായിട്ട് പെൻഷൻ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിൽ അവരുടെ ശമ്പളം റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് സമാനമായി കുറക്കേണ്ടതാണ്.

ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടേയോ ഇൻഫർമേഷൻ കമ്മീഷണറുടേയോ നിയമനത്തിന് ശേഷം അവർക്ക് പ്രതികൂലമായ രീതിയിൽ ശമ്പളത്തിലോ ആനുകൂല്യങ്ങളിലോ മറ്റു സേവന വ്യവസ്ഥകൾക്കോ മാറ്റം വരുത്താവുന്നതല്ല.

6) കേന്ദ്ര സർക്കാർ ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്കും, ഇൻഫർമേഷൻ കമ്മീഷണർക്കും നിയമനപ്രകാരമുള്ള അവരുടെ കർത്ത്യവ്യങ്ങൾ കാര്യപ്രാപ്തിയോടെ നിർവ്വഹിക്കുന്നതിനാവശ്യമായ, ഉദ്യോഗസ്ഥരേയും ജോലിക്കാരേയും നയമിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടേയും ജോലിക്കാരുടേയും ശമ്പളസേവന വ്യവസ്ഥകൾ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കും.

## 14. ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, ഇൻഫർമേഷൻ കമ്മീഷണർ എന്നിവരെ പദവിയിൽ നിന്ന് നീക്കം ചെയ്യൽ :

1) മൂന്നാം വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ അല്ലെങ്കിൽ ഏതെങ്കിലും ഇൻഫർമേഷൻ കമ്മീഷണറുമാരോ തങ്ങളുടെ പദവിയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നതിന് മുൻപ് രാഷ്ട്രപതിയുടെ റഫറൻസിന്റെ മേൽ സുപ്രീം കോടതി അന്വേഷണം നടത്തി അവരുടെ അപമര്യാദയോ കഴിവില്ലായ്മയോ ആധാരമാക്കി പദവിയിൽ നിന്ന് നീക്കം ചെയ്യാവുന്നതാണെന്ന് അറിയിക്കുമ്പോൾ ഒരുത്തരവ് മുഖേന രാഷ്ട്രപതി അവരെ നീക്കം ചെയ്യുന്നു.

2)ഏതെങ്കിലും ഇൻഫർമേഷൻ കമ്മീഷണറെയോ ചീഫ് ഇൻഫർമേഷൻ കമ്മീഷണറെയോ സംബന്ധിച്ചുള്ള അന്വേഷണ സമയത്തോ ഒന്നാം ഉപവകുപ്പു പ്രകാരം സുപ്രീംകോടതിയിൽ രാഷ്ട്രപതി റഫറൻസ് നടത്തിയിരിക്കുന്ന സമയത്തോ അതുപ്രകാരം സുപ്രീംകോടതിയിൽ നിന്ന് രാഷ്ട്രപതിക്ക് റിപ്പോർട്ട് ലഭിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെയോ അവരെ പദവിയിൽ നിന്ന് സസ്പെൻഡ് ചെയ്യുകയോ ഔദ്യോഗിക കാര്യങ്ങളിൽ നിന്ന് വിലക്കാനോ രാഷ്ട്രപതിക്ക് അധികാരം ഉണ്ടായിരിക്കും.

3) ഒന്നാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത് എന്തൊക്കെയായാലും താഴെ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങളിൻമേൽ ചീഫ് ഇൻഫർമേഷൻ കമ്മീഷണറെയോ ഇൻഫർമേഷൻ കമ്മീഷണറേയോ നീക്കം ചെയ്തുകൊണ്ട് രാഷ്ട്രപതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്

എ) പാപ്പരായി തീർപ്പു കല്പിക്കപ്പെട്ടാൽ

ബി) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ സദാചാര അപഭ്രംശം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് അപരാധിയാണെന്ന് കണ്ടെത്തിയാൽ

സി) ഔദ്യോഗിക പദവിയിലിരിക്കെ പ്രതിഫലം പറ്റുന്ന മറ്റെതെങ്കിലും ജോലിയിൽ ഏർപ്പെട്ടാൽ

ഡി) ശാരീരികമായോ മാനസികമായോ ഉള്ള ബലക്ഷയം മൂലം പദവിയിൽ തുടരാൻ സാധ്യമല്ലെന്ന് രാഷ്ട്രപതിക്ക് ബോധ്യമായാൽ

ഇ) ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, ഇൻഫർമേഷൻ കമ്മീഷണർ എന്നീ പദവികളിലുള്ള കർത്ത്യവ്യങ്ങളെ പക്ഷപാതപരമായി ബാധിക്കാനിടയുള്ളതോ സാമ്പത്തികമോ അല്ലെങ്കിൽ മറ്റെതെങ്കിലും താല്പര്യങ്ങളോ ഒരാൾ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ

4) ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഇൻഫർമേഷൻ കമ്മീഷണറോ ഇൻഡ്യാ സർക്കാരിന്റെയോ അല്ലെങ്കിൽ സർക്കാരിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ പങ്കെടുക്കുന്ന കരാറുകളിലും ഉടമ്പടികളിലും അതിൽ നിന്നുള്ള ലാഭത്തിലോ മറ്റാനുകൂല്യങ്ങളിലോ ഒരു കമ്പനിയുടെ സാധാരണ അംഗമെന്ന രീതിയിലല്ലാതെ എന്തെങ്കിലും താല്പര്യമെടുക്കുകയോ മറ്റോ ചെയ്താൽ ഒന്നാം ഉപവകുപ്പു പ്രകാരം അയാൾ അപമര്യാദയായി പെരുമാറിയതായി കണക്കാക്കും.

## അദ്ധ്യായം നാല്

## സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ

### 15. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ രൂപീകരണം

1) ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി എല്ലാ സംസ്ഥാന സർക്കാരുകളും .................. (സംസ്ഥാനത്തിന്റെ പേര്) ഇൻഫർമേഷൻ കമ്മീഷൻ എന്ന പേരിൽ നിയമം വഴി നൽകിയിരിക്കുന്ന അധികാരങ്ങൾ ഉപയോഗിക്കാനും കർത്തവ്യങ്ങൾ നിറവേറ്റുവാനുമായി ഒരു ബോഡി രൂപീകരിക്കേണ്ടതാണ്.

2) സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ താഴെപറയുന്നവരെക്കൂടി ഉൾക്കൊള്ളുന്നതായിരിക്കും-

എ) സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണർ
ബി) പത്തിൽക്കൂടാതെ ആവശ്യമെന്നു കരുതുന്നത്രയും ഇൻഫർമേഷൻ കമ്മീഷണർമാർ

3) സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറേയും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാരേയും താഴെ പറയുന്നവരുൾപ്പെടുന്ന കമ്മിറ്റിയുടെ ശുപാർശപ്രകാരം ഗവർണ്ണർ നിയമിക്കുന്നതാണ്.

1) കമ്മറ്റിയുടെ അദ്ധ്യക്ഷനായ മുഖ്യമന്ത്രി
2) 2) നിയമസഭയിലെ പ്രതിപക്ഷ നേതാവ്
3) മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു ക്യാബിനറ്റ് മന്ത്രി

**വിശദീകരണം**

സംശയദൂരീകരണത്തിനായി, പ്രതിപക്ഷനേതാവ് ആരാണെന്ന് വ്യക്തമല്ലെങ്കിൽ നിയമസഭയിലെ ഏറ്റവും വലിയ പ്രതിപക്ഷകക്ഷിയുടെ നേതാവിനെ പ്രതിപക്ഷനേതാവായി കണക്കാക്കുന്നതാണെന്ന്.

4) സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ മേൽനോട്ടം, മാർഗ്ഗദർശനം കാര്യനിർവ്വഹണം മുതലായ ചുമതലകൾ സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇതിനായി ഈ നിയമത്തിലെ മറ്റേതെങ്കിലും അധികാരികളുടെ മാർഗ്ഗദർശനങ്ങൾക്ക് വിധേയമാക്കാതെ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് സ്വയമേവ ഉപയോഗിക്കാവുന്ന എല്ലാ അധികാരങ്ങളും അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാർ അദ്ദേഹത്തെ ഔദ്യോഗിക കൃത്യങ്ങളിൽ സഹായിക്കുന്നതാണ്.

5) സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും ഇൻഫർമേഷൻ കമ്മീഷണർമാരും പൊതുജീവിതത്തിൽ ശ്രേഷ്ഠരും നിയമം, ശാസ്ത്ര-സാങ്കേതികം, സാമൂഹ്യസേവനം, പത്രപ്രവർത്തനം, ബഹുജനമാധ്യമങ്ങൾ, ഭരണനിർവ്വഹണം എന്നീ മേഖലകളിൽ വിപുലമായ അറിവും അനുഭവവും ഉള്ള ആളുകളായിരിക്കണം.

6) സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും ഇൻഫർമേഷൻ കമ്മീഷണർമാരും പാർലമെന്റിലേയോ, സംസ്ഥാന നിയമനിർമ്മാണ സഭകളിലേയോ അംഗങ്ങളായിരിക്കരുത്. അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടേയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള ഔദ്യോഗിക പദവി വഹിക്കുന്നവരോ, വ്യാപരത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും തൊഴിലിൽ വ്യാപൃതരോ ആയിരിക്കരുത്.

7) സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ ആസ്ഥാനം സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിലൂടെയുള്ള വിജ്ഞാപനത്തിലൂടെ തീരുമാ നിക്കുന്നിടത്ത് ആയിരിക്കും. സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി പ്രകാരം കമ്മീഷന് സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിലും കാര്യാലയങ്ങൾ സ്ഥാപിക്കാവുന്നതാണ്.

## 17. ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും

1. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ ഔദ്യോഗിക കാലാവധി അദ്ദേഹം പദവിയിൽ പ്രവേശിക്കുന്ന അന്നു തുടങ്ങി അഞ്ചുവർഷമായിരിക്കും.

   ഒരു സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും അറുപത്തി അഞ്ചു വയസ്സിനുശേഷം പദവി വഹിക്കുവാൻ പാടുള്ളതല്ല.

2) എല്ലാ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാരും പദവിയിൽ പ്രവേശിക്കുന്ന അന്നു തുടങ്ങി അഞ്ചുവർഷംവരേയോ അല്ലെങ്കിൽ അറുപത്തഞ്ചു വയസ്സു തികയുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഔദ്യോഗിക പദവിയിൽ തുടരും. അവരെ വീണ്ടും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറായി നിയമിക്കാവുന്നതല്ല.

   ഈ ഉപവകുപ്പുപ്രാകരം പദവിയൊഴിയുന്ന ഇൻഫർമേഷൻ ഉദ്യോഗസ്ഥരും പതിനഞ്ചാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പുപ്രകാരം സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറായി നിയമിക്കപ്പെടാൻ യോഗ്യരാണ്. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർ ചീഫ് സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറായി നിയമിക്കപ്പെട്ടാലും ഇൻഫർമേഷൻ കമ്മീഷണർ, ചീഫ് ഇൻഫർമേഷൻ കമ്മീഷണർ എന്നീ നിലകളിൽഡ ആകെയുള്ള അഞ്ചുവർഷം തന്നെയായിരിക്കും ഔദ്യോഗിക കാലാവധി.

3. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ, ഇൻഫർമേഷൻ കമ്മീഷണറോ പദവിയിൽ പ്രവേശിക്കുന്നതിനോ ചുമതലയേൽക്കുന്നതനോ മുമ്പ് ഗവർണ്ണറുടേയോ അല്ലെങ്കിൽ അദ്ദേഹത്താൽ നിയുക്തനായ ഒരാളുടെയോ മുന്നിൽ ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ പ്രതിജ്ഞയെടുക്കേണ്ടതാണ്.

4. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറിനോ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറിനോ യുക്തമെന്നു കരുതുന്ന സമയത്ത് ഗവർണ്ണർക്ക് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്. 17-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള രീതിയിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറും സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറവും പദവിയിൽ നിന്ന് നീക്കം ചെയ്യപ്പെടാം.

5. <u>സേവന വ്യവസ്ഥകളും ശമ്പളാനുകൂല്യങ്ങളും</u>

എ) സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ സേവനവ്യവസ്ഥകളും ശമ്പളാനുകൂല്യങ്ങളും ഇലക്ഷൻ കമ്മീഷണറുടേതിന് തുല്യമായിരിക്കും.

ബി) സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറുടെ സേവനവ്യവസ്ഥകളും ശമ്പളാനുകൂല്യങ്ങളും സംസ്ഥാന സർക്കാരിന്റെ ചീഫ് സെക്രട്ടറിയുടേതിന് തുല്യമായിരിക്കും.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ, ഇൻഫർമേഷൻ കമ്മീഷണറോ അവരുടെ നിയമന സമയത്ത്, മുമ്പ് ന്ത്യാ സർക്കാരിന്റെയോ സംസ്ഥാന സർക്കാരുകളുടേയോ കീഴിൽ സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഇൻഫർമേഷൻ കമ്മീഷണറോ ആയി സേവനമനുഷ്ഠിച്ചതിന്റെ ഭാഗമായി പെൻഷൻതുകയോ, മറ്റേതെങ്കിലും ആനുകൂല്യങ്ങളോ സ്വീകരിക്കുന്നുണ്ടെങ്കിൽ അവരുടെ ശമ്പളം ആ തുക കണക്കിലെടുത്ത് കുറയ്ക്കേണ്ടതാണ്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഇൻഫർമേഷൻ കമ്മീഷണറോ അവരുടെ നിമയന സമയത്ത് കേന്ദ്ര നിയമപ്രകാരമോ, സംസ്ഥാന നിയമപ്രകാരമോ സ്ഥാപിതമായ ഒരു കോർപ്പറേഷനിലോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റേയോ അധീനതിയൽ ഉള്ള ഏതെങ്കിലും കമ്പനിയിലോ സേവനമനുഷ്ടിച്ചതിന്റെ ഭാഗമായിട്ട് പെൻഷൻ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിൽ അവരുടെ ശമ്പളം റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് സമാനമായി കുറയ്ക്കേണ്ടതാണ്. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടേയോ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണരുടെയോ നിയമത്ിന് ശേഷം അവർക്ക് പ്രതികൂലമായ രീതിയിൽ ശമ്പളത്തിലോ ആനുകൂല്യങ്ങളിലോ മറ്റു സേവനവ്യവസ്ഥകൾക്കോ മാറ്റം വരുത്താവുന്നതല്ല.

6) സംസ്ഥാന സർക്കാർ സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്കും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാർക്കും അവരുടെ കർത്തവ്യങ്ങൾ കാര്യപ്രാപ്തിയോടെ നിർവ്വഹിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരേയും ജോലിക്കാരേയും നിയമിക്കേണ്ടതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടേയും ജോലിക്കാരുടേയും ശമ്പളസേവന വ്യവസ്ഥകൾ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കും.

**17) <u>സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർ എന്നിവരെ പദവിയിൽ നിന്ന് നീക്കം ചെയ്യൽ</u>**

1) മൂന്നാം വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറുമാരോ തങ്ങളുടെ പദവിയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നതിന് മുമ്പ് ഗവർണ്ണരുടെ റഫറൻസിന്റെ മേൽ സുപ്രീംകോടതി അന്വേഷണം നടത്തി അവരുടെ അപമര്യാദയോ കഴിവില്ലായ്മോ ആധാരമാക്കി പദവിയിൽ നിന്ന് നീക്കം ചെയ്യാവുന്നതാണെന്ന് അറിയിക്കുമ്പോൾ ഒരുത്തവര് മുഖേനെ ഗവർണ്ണർ അവരെ നീക്കം ചെയ്യുന്നു.

2) ഏതെങ്കിലും സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറെയോ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറെയോ സംബന്ധിച്ചുള്ള അന്വേഷണസമയത്തോ ഒന്നാം ഉപവകുപ്പു പ്രകാരം സുപ്രീംകോടതിയിൽ ഗവർണ്ണർ റഫറൻസ് നടത്തിയിരിക്കുന്ന സമയത്തോ, അതുപ്രകാരം സുപ്രീംകോടതിയിൽ നിന്ന് ഗവർണ്ണർക്ക് റിപ്പോർട്ട് ലഭിച്ച്, ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെയോ അവരെ പദവിയിൽ നിന്ന് സസ്പെൻഡ് ചെയ്യു

കയോ ഔദ്യോഗിക കാര്യങ്ങളിൽ നിന്ന് വിലക്കാനോ ഗവർണ്ണർക്ക് അധികാരം ഉണ്ടായിരിക്കും.

3) ഒന്നാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത് എന്തൊക്കെയായാലും താഴെ പ്രസ്താവിച്ചിരിക്ക്ുന്ന കാരണങ്ങളിൽമേൽ സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറേയോ, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറേയോ നീക്കം ചെയ്തുകൊണ്ട് ഗവർണ്ണർക്ക് പുറപ്പെടുവിക്കാവുന്നതാണ്.

എ) പാപ്പരായി തീർപ്പി കല്പിക്കപ്പെട്ടാൽ

ബി) ഗവർണ്ണരുടെ അഭിപ്രായത്തിൽ സദാചാര അപഭ്രംശമുൾക്കൊള്ളുന്ന ഒരു കുറ്റത്തിന് അപരാധിയായി കണ്ടെത്തിയാൽ

സി) ഔദ്യോഗിക പദവിയിലിരിക്കെ പ്രതിഫലം പറ്റുന്ന മറ്റേതെങ്കിലും ജോലിയിൽ ഏർപ്പെട്ടാൽ

ഡി) ശാരീരികമായോ മാനസികമായോ ഉള്ള ബലക്ഷയം മൂലം പദവിയിൽ തുടരാൻ സാധ്യമല്ലെന്ന് ഗവർണ്ണർക്കോ ബോധ്യമായാൽ

ഇ) സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, ഇൻഫർമേഷൻ കമ്മീഷണർ എന്നീ പദവികളിലുള്ള കർത്തവ്യങ്ങളെ പക്ഷപാതമായി ബാധിക്കാനിടയുള്ളതോ സാമ്പത്തികമായോ അല്ലെങ്കിൽ മറ്റേതെങ്കിലും താല്പര്യങ്ങൾ ഒരാൾ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ :

4) സംസ്ഥാന സർക്കാർ പങ്കെടുക്കുന്നതോ അല്ലെങ്കിൽ സർക്കാരിനുവേണ്ടിയോ, സർക്കാർ നേരിട്ടോ ഏർപ്പെടുന്ന കരാറുകളിലഉം ഉടമ്പടികളിലും ഒരു കമ്പനിയിലെ സാധാരണ അംഗമെന്ന നിലയിൽ കഴിഞ്ഞ് എന്തെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾക്കോ, ലാഭവിഹിതത്തിലോ സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണരോ, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറോ എന്തെങ്കിലും താല്പര്യമെടുത്താൽ ഒന്നാം ഉപവകുപ്പുപ്രകാരം അയാൾ അപമര്യാദയായി പെരുമാറിയതായി കണക്കാക്കും.

**അദ്ധ്യായം 5**

# ഇൻഫർമേഷൻ കമ്മീഷന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ആപ്പിൽ, ശിക്ഷകൾ

**18. കമ്മീഷന്റെ അധികാരങ്ങളും; ചുമതലകളും**

1) ഈ നിയമത്തിലെ വകുപ്പുകൾക്ക് വിധേയമായി താഴെപറയുന്ന ഏതൊരാളിൽ നിന്നും പരാതി സ്വീകരിക്കുന്നതും പരാതിമേൽ അന്വേഷണം നടത്തുന്നതും കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെയോ സാഹചര്യപ്രകാരം സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെയോ ചുമതലയായിരിക്കും.

എ) കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അല്ലെങ്കിൽ സംസ്ഥആന പബ്ലിക ഇൻഫർമേഷൻ ഓഫീസർ നിയമിക്കപ്പെട്ടില്ലാത്തതുകൊണ്ടോ കേന്ദ്ര അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അല്ലെങ്കിൽ സംസ്ഥാന അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസർ, വിവരങ്ങൾ ലഭിക്കുന്നതിനായി സർപ്പിച്ച അപേക്ഷയോ, അല്ലെങ്കിൽ നിയമ പ്രകാരമുള്ള അപ്പീൽ കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ, സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ അല്ലെങ്കിൽ 19-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള മുതിർന്ന ഉദ്യോഗസ്ഥനോ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനോ, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ അയക്കാൻ നിരസിക്കുന്നത് കൊണ്ടോ, കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ സംസ്ഥാന ഇൻഫർമേഷൻ ഓഫീസർക്കോ അപേക്ഷ സമർപ്പിക്കാൻ കഴിയാതെപോയ വ്യക്തിയുടെ :

ബി) ഈ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടും വിവരലഭ്യത നിരസിക്കപ്പെട്ട അപേക്ഷകനിൽ നിന്നും;

സി) ഈ നിയമപ്രകാരം വിവരങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിട്ടും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മറുപടി ലഭിക്കാത്ത അപേക്ഷകനിൽ നിന്നും

ഡി) അന്യായമാണെന്ന് അപേക്ഷകൻ കരുതുന്ന ഫീസ് നൽകാൻ നിർബന്ധിക്കപ്പെട്ടാൽ

എഫ്) ഈ നിയമപ്രകാരം രേഖകൾക്കായുള്ള അപേക്ഷയോ, അതുനേടുന്നതിനോ സംബന്ധിച്ച എല്ലാ കാര്യങ്ങളും.

2. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് ഒരു വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണത്തിന് മതിയായ കാരണങ്ങളുണ്ടെങ്കിൽ അതു സംബന്ധിച്ച് ഒരന്വേഷണം ആരംഭിക്കാവുന്നതാണ്.

3. ഈ വകുപ്പുപ്രകാരം ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ അന്വേഷണം നടത്തുമ്പോൾ, താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908 ലെ കോഡ് ഓഫ് സിവിൽ പ്രീസ്ജ്യയർ പ്രകാരം, ഒരന്യായത്തിന്മേൽ വിചാരണം നടത്തുന്ന സിവിൽകോടതിയുടെ അധികാരങ്ങൾ കമ്മീ,നിൽ നിക്ഷിപ്തമായിരിക്കും.

എ) ഒരു വ്യക്തിയോട് കോടതിയിൽ ഹാജരാക്കാനുള്ള കല്പന അയക്കുക, അയാളുടെ ഹാജർ നടപ്പിൽ വരുത്തുക, പ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ രേഖാമൂലമോ വാക്കാലോ തെളിവു നൽകാൻ നിർബന്ധിക്കുക, പ്രമാണങ്ങളും മറ്റും വസ്തുക്കളും ആവശ്യപ്പെടുകു.

ബി) പ്രമാണങ്ങളുടെ സമ്പാദനവും അവയുടെ പരിശോധനയും

സി) സത്യവാങ്ങ്മൂലംവഴി സ്വീകരിക്കുന്ന തെളിവുകൾ

ഡി) ഏത് ഓഫീസിൽ നിന്നോ കോടതിയിൽ നിന്നോ ആവശ്യമുള്ള പൊതുരേഖകൾ ആവശ്യപ്പെടുക.

സാക്ഷികളെ വിസ്തരിക്കുന്നതിനോ അല്ലെങ്കിൽ പ്രമാണങ്ങൾ പരിശോധിക്കുന്നതിനോ കോടതിയിൽ ഹാജരാകാനോ ഹാജരാകാനുള്ള കല്പനകൾ പുറപ്പെടുവിക്കുക.

എഫ്) നിർദ്ദേശിക്കപ്പെടുന്ന മറ്റ് കാര്യങ്ങളും

5) പാർലമെന്റിന്റെ ഏതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയുടെ നിയമപ്രകാരമോ പൊരുത്തപ്പെടാത്ത എന്തൊക്കെ പ്രസ്താവിച്ചിരുന്നാലും കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ഈ നിയമ പ്രകാരം ഒരു പരാതിത അന്വേഷിക്കുമ്പോൾ പൊതുഅധികാരികളശുടെ നിയന്ത്രണത്തി ലുള്ളതും ഈ നിയമം ബാധകവുമായ രേഖകൾ പരിശോധിക്കുന്നതാണ്. ഒരു കാരണ ത്താലും പ്രസ്തുത രേഖകളൊന്നും തടഞ്ഞു വയ്ക്കാവുന്നതല്ല.

## 18) <u>അപ്പീൽ</u>

1) ഏഴാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലോ അല്ലെങ്കിൽ 3-ാം ഉപവകുപ്പിന്റെ ഉപവാക്യം (എ) പ്രകാരം നിർദ്ദേശച്ചിട്ടുള്ള സമയത്ത് ഒരു തീരുമാനം ലഭിക്കാത്ത വ്യക്തിയോ അല്ലെ ങ്കിൽ കേന്ദ്ര ഇൻഫർമേഷൻ ഓഫീസറുടെയോ സംസ്ഥാന ഇൻഫർമേഷൻ ഓഫീസറു ടേയും തീരുമാനത്തിൽ പരാതിയുള്ള വ്യക്തികളും പരാതി ഉള്ളവർ മുപ്പതു ദിവസത്തി നുള്ളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറെക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ യടുത്ത് അപ്പീൽ സമർപ്പിക്കേണ്ടതാണ്.

അപ്പീൽ ഹർജിക്കാരന് യഥാസമയം അപ്പീൽ നൽകാൻ കഴിയാത്തത് മതിയായകാരണ ങ്ങൾ മൂലമാണെന്ന് ബോധ്യമാകുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥന് കാലപരിധിക്ക് ശേഷവും സമർപ്പിക്കപ്പെടുന്ന പരാതികൾ സ്വീകരിക്കാവുന്നതാണ്.

2) 11-ാം വകുപ്പുപ്രകാരം മൂന്നാം കക്ഷിയെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാനുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഉത്തരവിനെതിരെ ബന്ധപ്പെട്ട മൂന്നാം കക്ഷി മുപ്പ തുദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്.

3) 1-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിനെതിരെ തീരുമാനം എടുത്തിണ്ടായിരു ന്നതോ അല്ലെങ്കിൽ സ്വീകരിച്ചതോ ആയ ദിവസം തുടങ്ങി തൊണ്ണൂറു ദിവസത്തിനുള്ളിൽ ഒരു രണ്ടാം അപ്പീൽ ഇൻഫർമേഷൻ കമ്മീഷന് സമർപ്പിക്കാവുന്നതാണ്.

അപ്പീൽ ഹർജിക്കാരന് യഥാസമയം അപ്പീൽ നൽകാൻ കഴിയാത്തത് മതിയായകാരണ ങ്ങൾ മൂലമാണെന്ന് ബോധ്യമാകുന്നപക്ഷം ഇൻഫർമേഷൻ കമ്മീഷന് കാലപരിധിക്ക് ശേഷവും സമർപ്പിക്കപ്പെടുന്ന പരാതികൾ സ്വീകരിക്കാവുന്നതാണ്.

4) പബ്ലിക് ഇൻഫർമേഷൻ കമ്മീഷന്റെ തീരുമാനം മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടിട്ടു ള്ളതും അപ്പീൽ സമർപ്പിക്കേണ്ടതാണെങ്കിൽ മൂന്നാം കക്ഷിക്ക് അയാളും ഭാഗം വിശദീക രിക്കാനുള്ള അവസരം പബ്ലിക് ഇൻഫർമേഷൻ കമ്മീഷന് നൽകേണ്ടതാണ്.

5) അപ്പീൽ നടപടി ക്രമങ്ങളിൽ അപേക്ഷ നിരസിച്ചതിന് കാരണം നൽകാനുള്ള ബാധ്യത പ്രസ്തു അപേക്ഷ നിരസിച്ച ഉദ്യോഗസ്ഥനായിരിക്കും.

6) 1 ഉം 2 ഉം ഉപവകുപ്പു പ്രകാരം സമർപ്പിക്കപ്പെട്ട അപ്പീലുകൾ, അപ്പീൽ നൽകി മുപ്പതുദി വസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്. അല്ലെങ്കിൽ അപ്പീൽ ഫയൽ ചെയ്ത് നാൽപ്പത്തി അഞ്ച് ദിവസങ്ങൾക്കുള്ളിൽ കാരണങ്ങൾ രേഖപ്പെടുത്തി തീർപ്പാക്കേണ്ടതാണ്.

7) കേന്ദ്ര ഇല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ തീരുമാനം ബാധകമായിരിക്കും

8) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് തീരുമാനമെടുക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾക്കൊള്ളുന്നു.

1) പ്രത്യേകഫോമിൽ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ;
2) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ോഫീസർമാരെ നിയമിക്കുന്നതിലൂടെ
3) വിവരങ്ങൾ അല്ലെങ്കിൽ തരംതിരിച്ച വിവരങ്ങൾ
4) രേഖകളുടെ നശിപ്പിക്കൽ, പരിപാലനം , കൈകാര്യം ചെയ്യൽ എന്നിവയുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളിൽ ആവശ്യത്തിനുള്ള മാറ്റങ്ങൾ വരുത്തുന്നതു വഴി;
5) അറിയാനുള്ള അവകാശത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നൽകുന്നതിലൂടെ;
6) 4-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിലെ ഉപവാക്യം (ബി) പ്രകാരം ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിലൂടെ;

(ബി) പരാതിക്കാരനുണ്ടായ നഷ്ടത്തിനും ഉണ്ടായ ഹനിക്കും പൊതു അധികാരിയോട് നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെടുക;

(സി) ഈ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഏതെങ്കിലും ശിക്ഷകൾ ചുമത്തുക;

(ഡി) അപേക്ഷകൾ നിരസിക്കുക;

9) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ പരാതിക്കാരനും പൊതു അധികാരികൾക്കും, അപ്പീൽ അവകാശംകൂടി ഉൾപ്പെടുത്തിക്കൊണ്ട് നോട്ടീസ് നൽകേണ്ടതാണ്.

10) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കനുസൃതമായി അപ്പീലിൽ തീരുമാനമെടുക്കുന്നതായിരിക്കും.

**<u>ശിക്ഷകൾ</u>**

കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ഏതെങ്കിലും പരാതിയിലോ, അപ്പീലിലോ, തീരുമാനമെടുക്കുന്ന സമയത്ത കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസറോ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ഓഫീസറോ ന്യായമായ കാരണങ്ങളിലാതെ വിവരങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ 7-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ഉത്തമ വിശ്വാസത്തോടെയല്ലാതെ, അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് തെറ്റായതോ അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ നൽകിയെന്ന് അല്ലെങ്കിൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നശിപ്പിച്ചുവെന്ന് അല്ലെങ്കിൽ വിവരങ്ങൾ നൽകുന്നതിന് വിഘാതമുണ്ടാക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ അപേക്ഷ സ്വീകരിച്ച അല്ലെങ്കിൽ വിവരങ്ങൾ ലഭ്യമാക്കിയ അന്നുവരെയുള്ള ഓരോ ദിവസത്തേയ്ക്കും 250 രൂപ പിഴയായി കമ്മീഷന് ചുമത്താം. എങ്ങനെയൊക്കെയായാലും ശിക്ഷയായിട്ടുള്ള ആകെ തുക ഇരുപത്തയ്യായിരം രൂപയിൽ കവിയാൻ പാടില്ല.

കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അല്ലെങ്കിൽ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് പിഴ ചുമത്തുന്നതിനുമുൻപ് തന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം നൽകേണ്ടതാണ്.

കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അല്ലെങ്കിൽ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും പ്രവർത്തികൾ ശുഷ്കാന്തിയോടുള്ളതും ന്യായീകകരിക്കാവുന്നതും ആയിരുന്നുവെന്ന് തെളിയിക്കേണ്ട ബാധ്യത അവർക്ക് തന്നെയായിരിക്കും.

2) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ഏതെങ്കിലും പരായിലോ, അപ്പീലിലോ തീരുമാനമെടുക്കുന്ന സമയത്ത്, കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ന്യായമായ കാരണങ്ങളൊന്നുമില്ലാതെ വിവരങ്ങൾ തേടിയുള്ള അപേക്ഷകൾ നിരസിക്കുകയോ അല്ലെങ്കിൽ 7-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പുപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാകാതിരിക്കുകയോ അല്ലെങ്കിൽ ഉത്തമ വിശ്വാസത്തോടെയല്ലാതെ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് തെറ്റായതോ അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ നൽകിയെന്നോ അല്ലെങ്കിൽ അപേക്ഷകിയ്ല ആവശ്യപ്പെട്ടിരിക്കന്ന വിവരങ്ങൾ നശിപ്പിച്ചുവെന്നോ അല്ലെങ്കിൽ വിവരങ്ങൾ നൽകുന്നതന് വിഘാതം ഉണ്ടാക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അല്ലെങ്കിൽ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ അയാൾക്ക് ബാധകമായിട്ടുള്ള സേവനവ്യവസ്ഥകൾക്കനുസൃതമായി അച്ചടക്ക നടപടി കൈക്കൊള്ളാൻ ശുപാർശചെയ്യേണ്ടതാണ്.

**അദ്ധ്യായം ആറ്**
**പലവക**

**21. ഉത്തമവിശ്വാസത്തിൽ സ്വീകരിച്ച നടപടികൾക്ക് സംരക്ഷണം**

ഈ നിമയമനുസരിച്ചോ ഇതുപ്രകാരമുള്ള ചട്ടങ്ങളനുസരിച്ചോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊന്നിനെ സംബന്ധിച്ചും യാതൊരുവ്യക്തിക്കെതിരെയും സിവിൽകേസോ ക്രമിനൽകേസോ മറ്റുനിയമനടപടികളോ പാടില്ലാത്തതാകുന്നു.

2.2. **ഈ നിയമത്തിന് മുൻഗണനാ സ്വഭാവമുണ്ടായിരിക്കും** (Overdignig effect)

1923 ലെ ഔദ്യോഗിക രഹസ്യനിയമത്തിലേയോ, മറ്റു നിയമത്തിലോ ഈ നിയമത്തിനു വിരുദ്ധമായി എന്തൊക്കെ പ്രസ്താവിച്ചിരുന്നാലും നിയമത്തിലെ വകുപ്പുകൾക്ക് മുൻഗണനയുണ്ടായിരിക്കും.

**2.3. കോടതികളുടെ അധികാരപരിധി ഒഴിവാക്കൽ**

ഈ നിയമപ്രകാരമുണ്ടായ യാതൊരുത്തരവും സംബന്ധിച്ച് കേസോ, അപേക്ഷയോ, നടപടിയോ ഒരു കോടതിയും സ്വീകരിക്കാൻ പാടില്ല. അത്തരം ഉത്തരവുകൾ ഈ നിയമപ്രകാരമുള്ള അപ്പീലുകളിലല്ലാതെ മറ്റെങ്ങും ചോദ്യം ചെയ്യാനും പാടില്ല.

**2.4. ഈ നിയമം പ്രത്യേക സംഘടനകളെ ബാധിക്കുന്നതല്ല.**

1) ഈ നിയമത്തിൽ പറയുന്ന യാതൊന്നും രണ്ടാം പട്ടികയിൽ പറയുന്നതും കേന്ദ്ര സർക്കാരിനാൽ സ്ഥാപിതമായ രഹസ്യ അന്വേഷണ - സുരക്ഷ, സ്ഥാപനങ്ങളുടെയും അവ സർക്കാരിന് കൈമാറുന്ന വിവരങ്ങളേയും ബാധിക്കില്ല. മനുഷ്യാവകാശ ലംഘന ങ്ങളേയും അഴിമതി ആരോപണങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഈ ഉപവകുപ്പുപ്രകാരം ഒഴിവാക്കാവുന്നതല്ല. മനുഷ്യാവകാശലംഘനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ അനുമതിയോടുകൂടി മാത്രമേ വിവരങ്ങൾ നൽകാവൂ. 7-ാം വകുപ്പിൽ എന്തൊക്കെ പ്രസാതാവിച്ചിരുന്നാലും വിവരങ്ങൾ അപേക്ഷ സ്വീകരിച്ച് അന്നു തുടങ്ങി നാല്പത്തിയഞ്ചു ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്.

2. മറ്റേതെങ്കിലും കേന്ദ്ര - സംസ്ഥാന സർക്കാരിനാൽ സ്ഥാപിതമായ രഹസ്യാന്വേഷണ സുര്കഷാ സംഘടനകളെ - ഉൾപ്പെടിത്തുക്കൊണ്ടോ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന അത്തരം സംഘടനകളെ നീക്കം ചെയ്തുകൊണ്ടോ ഗസറ്റ് വിജ്ഞാപനം വഴി കേന്ദ്ര സർക്കാരിന് പട്ടിക ഭേദഗതി ചെയ്യാവുന്നതും ഈ വിജ്ഞാപന തീയതിമുതൽ അത്തരം സ്ഥാപനങ്ങൾ ഉൾപ്പെടുന്നതായും അല്ലെങ്കിൽ നീക്കം ചെയ്യപ്പെടുന്നതായും കണക്കാക്കു ന്നതാണ്.

3. 2-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനം പാർലമെന്റിന്റെ ഇരുസഭകൾ മുമ്പാകെയും സമർപ്പിക്കേണ്ടതാണ്.

4. ഈ നിയമത്തിൽ പറയുന്ന യാതൊന്നും സംസ്ഥാന സർക്കാരിനാൽ സ്ഥാപിതമായതോ, അല്ലെങ്കിൽ പ്രസ്തുത സർക്കാർ സമയാസമയങ്ങളിൽ ഔദ്യോഗിക വിജ്ഞാപനം വഴി നിർദ്ദേശിക്കുന്നതോ ആയ രഹസ്യാന്വേഷണ - സുരക്ഷ സ്ഥാപനങ്ങളെ ബാധിക്കില്ല.

അഴിമതി ആരോപണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഈ ഉപവകുപ്പു പ്രകാരം ഒഴിവാക്കാ വുന്നതല്ല.

മനുഷ്യാവകാശലംഘനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെ ങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ അനുമതിയോടുകൂടി മാത്രമേ വിവരങ്ങൾ നൽകാവൂ. 7-ാം വകുപ്പിൽ എന്തൊക്കെ പ്രസ്താവിച്ചിരുന്നാലും അപേക്ഷ സ്വീകരിച്ച് അന്നു തുടങ്ങി നാല്പത്തി അഞ്ചു ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്.

**2.5. മോണിറ്ററിങ്ങും റിപ്പോർട്ടിങ്ങും**

1) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണർ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർ എല്ലാ വർഷത്തിന്റെയും അവസാനം പരമാവധി വേഗത്തിൽ, ആ വർഷം നിയമത്തിലെ വകുപ്പുകൾ പ്രായോഗികമാക്കിയതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ബന്ധ പ്പെട്ട സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

2) ഓരോ മന്ത്രിസഭയോ അല്ലെങ്കിൽ ഭരണവകുപ്പോ, അവരുടെ അധികാരപരിധിയിലു ള്ളതും പൊതു അധികാരികളുമായി ബന്ധപ്പെട്ടതുമായ വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനെ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനെ, വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ആവശ്യങ്ങൾക്ക് അനുസൃതമായി, ഈ വകുപ്പിന്റെ

ഉദ്ദേശ്യത്തിലേക്കുമായി രേഖകൾ സൂക്ഷിക്കാനും റിപ്പോർട്ട് തയ്യാറാക്കാനുമായി നൽകേണ്ടതാണ്.

3) ഓരോ വർഷത്തേയും റിപ്പോർട്ടുകൾ താഴെപറയുന്നവ പ്രതിപാദിക്കുന്നതായിരിക്കും.

(എ) ഓരോ പൊതു അധികാരിയും ആ വർഷം സ്വീകരിച്ച് അപേക്ഷകളുടെ എണ്ണം

(ബി) വിവരങ്ങൾ ലഭ്യമാക്കണമെന്ന അപേക്ഷകൾ നിരസിച്ചുകൊണ്ടുണ്ടായ തീരുമാനങ്ങളുടെ എണ്ണം. നിയമത്തിലെ ഏതു വകുപ്പ് ഉപയോഗിച്ചാണ് ഈ തീരുമാനങ്ങളെടുത്തതെന്നും ഈ വകുപ്പു ഇപ്രകാരം എത്ര തവണ ഉപയോഗിച്ചെന്നതും.

(സി) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ പരിഗണനയ്ക്ക് അയച്ച അപ്പീലുകളുടെ എണ്ണം അല്ലെങ്കിൽ പുനഃപരിശോധനയ്ക്ക് അയച്ചവയുടെ എണ്ണം, അപ്പീലിന്റെ സ്വഭാവം., അതിന്റെ പരിണിത ഫലം എന്നിവയും ഉണ്ടായിരിക്കണം :

(ഡി) ഈ നിയമത്തിന്റെ നടത്തിപ്പ് പ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥനെതിരായി അച്ചടക്ക നടപടി എടുത്തെങ്കിൽ അതിന്റെ വിശദാംശങ്ങൾ.

(ഇ) ഈ നിയമപ്രകാരം ഓര് പൊതു അധികാരിയും ശേഖരിച്ചിട്ടുള്ള തുക,

(എഫ്) ഈ നിയമത്തിന്റെ സത്തുയം യഥാർത്ഥ ഉദ്ദേശ്യവും നടപ്പിലാക്കാനായി പൊതു അധികാരികളുടെ ഭാഗത്തു നിന്നുണ്ടായ പരിശ്രമങ്ങൾ ചൂണ്ടിക്കാണിക്ക്ുന്ന വസ്തുതകൾ;

(ജി) അറിയാനുള്ള അവകാശത്തിന്റെ ഭാഗമായി വിവരലഭ്യത കൂടുതൽ പ്രാവർത്തികമാക്കാനായി പൊതു അധികാരികളെ സംബന്ധിച്ചുള്ള മെച്ചപ്പെടുത്തലുകൾക്കും പുരോഗതിക്ൾക്കും നവീകരണങ്ങൾക്കും വേമ്ടി ഈ നിയമത്തിലോ അല്ലെങ്കിൽ ഇതരനിയമങ്ങളിലോ വരുത്തേണ്ട ഭേദഗതികളും അല്ലെങ്കികൽ പ്രസക്തമായ മറ്റെന്തെങ്കിലും കൂടി ഉൾക്കൊള്ളുന്നതുമായ പരിഷ്കരണങ്ങൾക്കു വേണ്ടിയുള്ള ശുപാർശകളും;

4) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ എല്ലാ വർഷത്തന്റെയും അവസാനം പരമാവധി വേഗത്തിൽ കേന്ദ്ര ഇൻഫോർ കമ്മീഷന്റേയോ റിപ്പോർട്ടിന്റെ ഒരു കോപ്പി പാർലമെന്റിന്റെ ഇരു സഭകളലും അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലും സമർപ്പിക്കേണ്ടതാണ്.

5) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റേയോ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെയും അഭിപ്രായത്തിൽ ഒരു പൊതു അധികാരിയുടെ അധികാര വിനിയോഗം ഈ നിയമത്തോട് ഇണങ്ങിച്ചെരാത്തതും അതിന്റെ സത്ത ഉൾക്കൊള്ളത്തതുമാണെങ്കിൽ, ആ പ്രവർത്തനങ്ങളിൽ നിയമവമായുള്ള യോജിപ്പ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉൾക്കൊള്ളുന്ന ശുപാർശ പ്രസ്തുത അധികാരിക്ക് നൽകേണ്ടതാണ്.

**26. കേന്ദ്ര സർക്കാർ തയ്യാറാക്കുന്ന കർമ്മപരിപാടികൾ**

സാമ്പത്തികവും മറ്റു തരത്തിലുള്ളതുമായ വരുമാനവിഭാഗങ്ങളിലെ ലഭ്യതയുടെ വ്യാപ്തിക്കനുസരിച്ച് ബന്ധപ്പെട്ട സർക്കാർ താഴെ പറയുന്നവ പ്രാവർത്തികമാക്കണം.

(എ) ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള അവകാശങ്ങളുടെ വിനിയോഗത്തിനായി ഇതു സംബന്ധിച്ചുള്ള അറിവ് വർദ്ധിപ്പിക്കാൻ പ്രത്യേകിച്ചും പ്രതികൂല സാഹചര്യങ്ങളിലുള്ള സമുദായങ്ങൾക്കായി വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

(ബി) ഉപവാക്യം (എ) യിൽ സൂചിപ്പിച്ചിട്ടുള്ള പരിപാടികളെ ശക്തിപ്പെടുത്തുന്നതിനും ആവിഷ്ക്കരിക്കുന്നതിനും മറ്റും പൊതു അധികാരികളെ പ്രോത്സാഹിപ്പിക്കുയും അവർ അത്തരം പരിപാടികൾ ഏറ്റെടുക്കുകയും വേണം;

സി) പൊതു അധികാരികൾ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളുടെ കാലോചിതവും ഫലപ്രദവുമായ പ്രചാരണങ്ങൾ വർദ്ധിപ്പിക്കുക;

(ഡി) പൊതുഅധികാരികളായ കേന്ദ്രപബ്ലിക് ഇൻഫർമേഷൻ ഉദ്യോഗസ്ഥരേയും അല്ലെങ്കിൽ പൊതു ഇൻഫർമേഷൻ ഉദ്യോഗസ്ഥരേയും ആവശ്യമുള്ള പരിശീലന വസ്തുക്കൾ നൽകിക്കൊണ്ടു തന്നെ പരിശീലിപ്പിക്കുക;

2. ഈ നിയമം നടപ്പിൽവന്ന പതിനെട്ടു മാസത്തിനുള്ളിൽ പ്രസക്ത സർക്കാർ ഔദ്യോഗിക ഭാഷയിൽ ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള അവകാശങ്ങൾ വിനിയോഗിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിക്ക് അതിനാവശ്യമുള്ള വിവരങ്ങൾ സമാഹരിച്ച് എളുപ്പത്തിൽ ഗ്രഹിക്കാവുന്ന തരത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

3. ആവശ്യമെങ്കിൽ 2-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട് സർക്കാരിനെ കൃത്യമായ ഇടവേളകളിൽ പുതുക്കി പ്രസിദ്ധീകരിക്കാവുന്നതാണ്. ഇത് 2-ാം ഉപവകുപ്പിന്റെ പൊതുതത്വത്തിന് എതിരാകാതെ താഴെ പറയുന്നതുകൂടി ഉൾപ്പെടുത്തുന്നു.

**(എ) ഈ നിയത്തിന്റെ ഉദ്ദേശ്യങ്ങൾ**

(ബി) അഞ്ചാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെട്ട പൊതു അധികാരികളുടെ, കേന്ദ്ര ഇൻഫർമേഷൻ ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ സംസ്ഥാന പൊതു ഇൻഫർമേഷൻ ഉദ്യോഗസ്ഥന്റെ തപാൽ വിലാസം, ഫോൺ, ഫാക്സ് എന്നിവയുടെ നമ്പറുകൾ ഇലക്ട്രോണിക് മെയിൽ വിലാസം.

സി) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന പൊതു ഇൻഫർമേഷൻ ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ ലഭിക്കാൻ നൽകേണ്ട അപേക്ഷകളുടെ ഫോറവും രീതികളും ;

ഡി) ഈ നിയമപ്രകാരം പൊതു അധികാരിയായിട്ടുള്ള കേന്ദ്ര പൊതു ഇൻഫർമേഷൻ ഉദ്യോഗസ്ഥനിൽ നിന്നോ സംസ്ഥാന പൊതു ഇൻഫർമേഷൻ ഉദ്യോഗസ്ഥനിൽ നിന്നോ ലഭിക്കാവുന്ന സഹായങ്ങളും ചുമതലകളും :

ഇ) കേന്ദ്ര സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനുകളിൽ നിന്നു ലഭിക്കാവുന്ന സഹായങ്ങൾ:

എഫ്) ഈ നിയമപ്രകാരം നൽകിയിരിക്കുന്നതോ അല്ലെങ്കിൽ ചുമത്തിയിരിക്കുന്നതോ ആയ അവകാശമോ അല്ലെങ്കിൽ കടമയോ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കും അല്ലെങ്കിൽ അങ്ങനെ പ്രവർത്തിന്നതിൽ പരാജയപ്പെടുന്നതും പരിഗണിച്ച് കമ്മീഷന് സമർപ്പിക്കുന്ന അപ്പീലും അത് നൽകേണ്ട രീതിയും ഉൾപ്പെടെയുളഅള പരിഹാരങ്ങൾ

ജി) 4-ാം വകുപ്പിനനുസൃതമായി തരംതിരിച്ചിട്ുടള്ള രേഖകളുടെ സ്വമേധയാ ഉള്ളവെളിപ്പെടുത്തലിന് സജ്ജീകരിച്ചിട്ടുള്ള വകുപ്പുകൾ.

എച്ച്) വിവരങ്ങൾ ലഭിക്കുന്നതനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട് അടക്കേണ്ട ഫീസിനെ സംബന്ധിച്ച കാര്യങ്ങൾ.

ഐ) ഈ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതു സംബന്ധിച്ച് പുറത്തിറക്കിയ സർക്കുലറുകളും അഡീഷണൽ റഗുലേഷനുകളും ഉണ്ടെങ്കിൽ അതും ഉൾപ്പെടുത്തണം.

4) ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം

1) ഈ നിയമത്തിലെ വകുപ്പുകൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാം.

2) മുൻവിവരിച്ച പൊതു അധികാരത്തിന് വിഘാതമാകാതെ പ്രത്യേകമായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് ചട്ടങ്ങളുണ്ടാക്കാം.

(എ) 4-ാം വകുപ്പിന്റെ നാലം ഉപവകുപ്പുപ്രകാരമുള്ള പ്രചാരണത്തിനുപയോഗിക്കുന്ന വസ്തുക്കളുടെ വില, മാധ്യമച്ചെലവ് (cost of medium) അല്ലെങ്കിൽ അച്ചടിചെലവ് :

ബി) 6-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പു പ്രകാരം അടയ്ക്കേണ്ട ഫീസ് :

സി) 7-ാം വകുപ്പിന്റെ ഒന്നും അഞ്ചഅചും വകുപ്പു പ്രകാരം അടയ്ക്കേണ്ട ഫീസ് :

ഡി) 13-ാം വകുപ്പിന്റെ 7-ാം ഉപവകുപ്പും പതിനാറാം വകുപ്പിന്റെ ആറാം ഉപവകുപ്പും പ്രകാരം നൽകേണ്ട ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും സേവനവ്യവസ്ഥകളും മറ്റാനുകൂല്യങ്ങളും;

ഇ) 19-ാം വകുപ്പിന്റെ പത്താം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലുകൾ തീരുമാനിക്കുന്നതിന് കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ :

എഫ്) ആവശ്യമുള്ളതോ നിർദ്ദേശിക്കപ്പെട്ടതോ ആയ കാര്യങ്ങൾ :

**28. ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള യുക്താധികാരിയുടെ അധികാരം**

1) ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി യുക്താധികാരിക്ക് ഈ നിയമത്തിലെ വകുപ്പുകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ് 2) മുൻ വിവരിച്ച് പൊതു അധികാരത്തിന് വിഘാതമാകാതെ പ്രത്യേകമായി താഴെ പറയുന്ന കാര്യങ്ങൾക്ക് ചട്ടങ്ങളുണ്ടാക്കാം.

എ) നാലാം വകുപ്പിന്റെ നാലാം ഉപവകുപ്പു പ്രകാരമുള്ള പ്രചാരണത്തിനുപയോഗിക്കുന്ന വസ്തുതക്കളുടെ വില, മാധ്യമച്ചെലവ് (cost of medium) അല്ലെങ്കിൽ അച്ചടിച്ചെലവ്

ബി) ആറാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പു പ്രകാരം അടയ്ക്കേണ്ട ഫീസ്

സി) ഏഴാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പുപ്രകാരം അടയ്ക്കേണ്ട ഫീസ്.

ഡി) ആവശ്യമുള്ളതോ നർദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യങ്ങൾ

**29. ചട്ടങ്ങൾ സമർപ്പിക്കാൻ**

1) കേന്ദ്രസർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ കഴിയുന്നതും വേഗം പാർലമെന്റിന്റെ ഇരുസഭകളിലും വയ്ക്കേണ്ടതാണ്. പാർലമെന്റ് കൂടുന്ന സമയമാണെങ്കിൽ ഒന്നോ അതിലധികമോ സെഷനുകളിലായി മുപ്പതു ദിവസം ഒരുമിച്ച് കൂടുന്ന പക്ഷം ഇരുസഭകളിലും പരിഗണനയ്ക്കു വയ്ക്കുകയും ചട്ടങ്ങളിൽ ഭേദഗതികൾ ചെയ്യണമെന്നോ വേണ്ടയോ എന്ന് തീരുമാനിക്കുകയും ഈ ചട്ടങ്ങൾ വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്താൽ ഈ ഭേദഗതിയനുസരിച്ചോ ചട്ടങ്ങളില്ലാത്ത രീതിയിലോ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അത്തരം ഭേദഗതിക്കോ റദ്ദാക്കലിനോ മുൻപ് ചട്ടപ്രകാരം ചെയ്തിരിക്കുന്ന കാര്യങ്ങളുടെ നിയമസാധുതയെ ഇത് ബാധിക്കുന്നില്ല.

2) ഈ നിയമത്തിൻ കീഴിൽ സംസ്ഥാന സർക്കാർ നിർമ്മിച്ച ചട്ടങ്ങൾ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നതും വേഗത്തിൽ നിയമസഭയിൽ വയ്ക്കേണ്ടതാണ്.

**30. തടസ്സങ്ങൾ നീക്കാനുള്ള അധികാരം**

(1) ഈ നിയമം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടാൽ അവ നീക്കം ചെയ്യുന്നതിന് ഈ നിയമത്തിലെ വ്യവസ്ഥകൾക്കെതിരല്ലാത്ത ആവശ്യമായ ഉത്തരവുകൾ ഗസറ്റ് വിജ്ഞാപനം വഴി കേന്ദ്രസർക്കാരിന് നൽകാവുന്നതാണ്. ഇത്തരത്തിലുള്ള യാതൊരു ഉത്തരവുകളും ഈ നിയമത്തൽ നടപ്പിലായി രണ്ടുകൊല്ലത്തിനു ശേഷം പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അതിനുശേഷം പാർലമെന്റിന്റെ ഇരുസഭകളിലും സമർപ്പിക്കേണ്ടതാണ്.

**31. റദ്ദാക്കൽ**

2002-ലെ അറിയാനുള്ള സ്വതന്ത്ര്യനിയമം (5 of 2003) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

## നന്ദി - അനിജോസഫ്